മലങ്കര നസ്രാണി

മലങ്കര നസ്രാണികളുടെ വാർത്താപത്രിക

"ദൈവം നന്മയാണ്. അവൻ മാത്രമാണു യഥാർത്ഥമായും പൂർണമായും നന്മ. തിന്മയുടെ സങ്കലനം കൂടാതെ നന്മയാണവൻ. അവനിൽ സകല തിന്മയും അന്തർദ്ധാനം ചെയ്യുന്നു. അവനിൽ തിന്മയ്ക്കു യാതൊരു സ്ഥാനവുമില്ല - പ്രകാശത്തിൽ ഇരുട്ടിനു യാതൊരു സ്ഥാനവുമില്ലാത്തതുപോലെതന്നെ..... ഏതെങ്കിലും വ്യക്തിത്വം നന്മയെ നിഷേധിക്കുകയും നിരാകരിക്കുകയും ചെയ്യുമ്പോൾ സ്വന്തം ഉണ്മയെത്തന്നെ നിഷേധിക്കലാണ് അത്. കാരണം, സൃഷ്ടിക്കപ്പെട്ട യഥാർത്ഥ വ്യക്തി, അതിന്റെ സ്രഷ്ടാവിനെപ്പോലെ, നന്മയാണ്."

– പൗലോസ് മാർ ഗ്രിഗോറിയോസ്

പുസ്തകം 1 | ലക്കം 9 | 2005 നവംബർ 1–15 | പേജ് 8

മാർത്തോമ്മാ സിംഹാസനത്തിൽ പുതിയ ഇടയൻ: പ്രതീക്ഷകളേറെ...

പരിശുദ്ധ ബസേലിയോസ് മാർത്തോമാ ദിദിമോസ് പ്രഥമൻ ബാവാ സ്ഥാനമേറ്റു

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഏഴാം കാതോലിക്കാ പരിശുദ്ധ ബസേലിയോസ് മാർത്തോമാ ദിദിമോസ് പ്രഥമൻ ബാവാ സ്ഥാനമേറ്റു. 2005 ഒക്ടോബർ 31-ാം തീയതി തിങ്കളാഴ്ച പരുമല പള്ളിയിൽ നടന്ന ഭക്തിനിർഭരമായ ശുശ്രൂഷകൾക്ക് സീനിയർ മെത്രാപ്പോലീത്ത ഡോ. തോമസ് മാർ മക്കാറിയോസ് മുഖ്യകാർമ്മികത്വം വഹിച്ചു.

തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത ബാലനായിരിക്കുമ്പോൾ ത ന്നെ സഭാസേവനത്തിന് വിളിച്ചത് തോമ്മാ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായാണ്. പത്തനാപുരം താ ബോർ ദയറായിലെ സന്യാസ ജീവിതവും പഠനവും ഉന്നതബിരുദങ്ങൾ നേടിയ ഉത്തമനായ ഒരു വൈദികശ്രേഷ്ഠ നെ വളർത്തിയെടുക്കാൻ സ ഹായിച്ചു. തിരുവല്ല നെടുംമ്പ്രം മുളമൂട്ടിൽ ഇട്ടിയവിര തോമസിന്റെയും മാവേലിക്കര ചിറമേൽ ശോശാമ്മയുടെയും പുത്രനായി 1921 ഒക്ടോബർ 29-ാം തീയതി ജനിച്ച കാതോലിക്കാബാവാ എം. എ, ബി. റ്റി. ബിരുദങ്ങൾ നേടി പത്തനാപുരം ഹൈസ്കൂൾ ഹെഡ് മാസ്റ്റർ, കോളജ് പ്രൊഫസർ എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്.

ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായിൽ നിന്ന് ശെമ്മാശാപ്പട്ടവും വൈദികപട്ടവും ഏറ്റ അദ്ദേഹം 1965 ൽ മെയ് 16ന് പരിശുദ്ധ ഔഗേൻ ബാവയിൽനിന്ന് റമ്പാൻ സ്ഥാനം സ്വീകരിച്ചു. അതേവർഷം ഡിസംബർ 28ന് കോട്ടയത്ത് ചേർന്ന മലങ്കര അസോസിയേഷൻ അദ്ദേഹത്തെ മേൽപട്ട സ്ഥാനത്തേക്ക് തിരഞ്ഞെടുത്തു. കാലംചെയ്ത യൂഹാനോൻ മാർ സേവേറിയോസ്, ഫീലിപ്പോ സ് മാർ തെയോഫിലോസ് എന്നിവരോടൊപ്പം 1966 ഓഗ സ്റ്റ് 24 ന് തോമസ് മാർ തീമോത്തിയോസ് എന്ന പേരിൽ മെ ത്രാപ്പോലീത്തായായി വാഴിച്ചു. മലബാർ ഭദ്രാസനത്തിന്റെ ചുമതല 1968 ൽ ഏറ്റെടുത്ത അദ്ദേഹം ബഹുമുഖ സേവനപ്രവർത്തനങ്ങൾക്കിടയിൽ ഭദ്രാസനത്തിൽ കൂടുതൽ പള്ളികളും ആശ്രമങ്ങളും മറ്റും സ്ഥാപിച്ച് കുടിയേറ്റക്കാരുടെ ആദ്ധ്യാത്മിക ജീവിതത്തെ പരിപോഷിപ്പിച്ചു. 1992 സെപ്റ്റംബർ 10 ന് പരുമലയിൽ ചേർന്ന മലങ്കര അസോസിയേഷൻ തോമസ് മാർ തീമോത്തിയോസിനെ പൗരസ്ത്യ കാതോലിക്കായുടെ മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി തിരഞ്ഞെടുത്തു. ശാന്തശീലനായ ഈ താപസശ്രേഷ്ഠൻ സഭയെ സമാധാനത്തിലും ഐക്യത്തിലും വഴി നടത്തുമെന്ന് നമുക്ക് പ്രത്യാശിക്കാം.



പരിശുദ്ധ ബസേലിയോസ് മാർത്തോമാ ദിദിമോസ് പ്രഥമൻ ബാവാ

സ്ഥാനത്യാഗം ചെയ്യുന്ന മൂന്നാമത്തെ കാതോലിക്കാ

കോട്ടയം: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്ക് ഒന്നരപതിറ്റാണ്ടു കാലം നേതൃത്വം നൽകിയ പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതീയൻ ബാവാ സ്ഥാനത്യാഗം ചെയ്തു.

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതിയൻ ബാവാ സ്ഥാനത്യാഗം ചെയ്യുന്ന മൂന്നാം പൗരസ്ത്യ കാതോലിക്കയാണ്. പരിശുദ്ധ ബസേലിയോസ് ഔഗേൻ ബാവാ, പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ എന്നിവരാണ് ഇതിനുമുമ്പ് സ്ഥാനത്യാഗം ചെയ്തവർ.

പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതീയൻ

1980 മെയിൽ കൂടിയ മലങ്കര അസ്സോസിയേഷൻ കൊ ല്ലം ഇടവകയുടെ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലിത്തായെ മലങ്കര മെത്രാപ്പോലീത്തായുടെയും, കാതോലിക്കായുടെയും പിൻഗാമിയായി തിരഞ്ഞെടുത്തു.

1991 ഏപ്രിൽ 29-ാം തീയതി പരുമലയിൽ വച്ച് പരിശുദ്ധ സുന്നഹദോസ് അദ്ദേഹത്തെ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതിയൻ എന്ന പേരിൽ പൗരസ്ത്യ കാതോലിക്കാ സ്ഥാനത്തേക്ക് ഉയർത്തി.

പരിശുദ്ധിയുടെ പരിമളം

ഫാ. ഡോ. കെ. എം. ജോർജ്ജ്

"സമസൃഷ്ടങ്ങളെ ആരു നല്ലവണ്ണം സ്നേഹിക്കുന്നുവോ, അവനത്രെ ഉത്തമനായ ദൈവഭക്തൻ എന്തെന്നാൽ ദൈവം സൃഷ്ടിക്കുന്നതെല്ലാം നമുക്ക് സ്നേഹിക്കാനാണ്" – പരുമല തിരുമേനി

പ്രസിദ്ധ റഷ്യൻ സാഹിത്യകാരനായിരുന്ന ദസ്തയേവ്സ്ക്കി യുടെ 'കാരമസോവ് സഹോദരന്മാർ' അപൂർവ്വമായ ഉൾക്കാഴ്ചയും ആത്മീക ഭാവവുമുള്ള നോവലാണ്. അതിലെ ഫാദർ സോസിമ എന്ന സന്യാസിശ്രേഷ്ഠൻ ആഴമേറിയ ആത്മികതയുടെയും മനുഷ്യസ്നേഹത്തിന്റെയും പ്രതീകമാണ്. അദ്ദേഹം മരിച്ചപ്പോൾ ശവശരീരത്തിൽനിന്ന് സുഗന്ധം പുറപ്പെടുമെന്ന് ആളുകൾ പ്രതീക്ഷിച്ചിരുന്നു. കാരണം, വിശുദ്ധരായ മനുഷ്യർ മരിച്ചു കഴിഞ്ഞാൽ അവരുടെ മൃതശരീരങ്ങളിൽനിന്ന് ദിവ്യപരിമളം പുറപ്പെടുമെന്നും അത് അവരുടെ വിശുദ്ധിയുടെ ഉരകല്ലാണെന്നും റഷ്യയിൽ പരമ്പരാഗതമായ വിശ്വാസമുണ്ടത്രേ. ഫാദർ സോസിമയുടെ ആത്മീക തേജസ്സിൽ അസൂയ പൂണ്ടിരുന്ന ദുർമുഖനായ മറ്റൊരു സന്യാസി അദ്ദേഹത്തെ തേജോവധം ചെയ്യാൻ തക്കം പാർത്തിരിക്കുകയായിരുന്നു. സോസിമയുടെ മൃതദേഹം വച്ചിരുന്ന മുറിയിൽനിന്ന് മൂക്കു പൊത്തിക്കൊണ്ട്, "ദുർഗന്ധ''മെന്ന് വിളിച്ചുപറഞ്ഞ് എടുത്തു ചാടി, ആളിളക്കി ബഹളമുണ്ടാക്കുന്ന ഈ സന്യാസിയെ ദസ്തയേവ്സ്കി ഭംഗിയായി ചിത്രീകരിച്ചിട്ടുണ്ട്. വിശുദ്ധിക്ക് വ്യക്തവും പ്രകടവുമായ അടയാളം തേടാനുള്ള ശ്രമം ക്രിസ്തീയ സഭയിൽ പലപ്പോഴും നടന്നിട്ടുണ്ട്. ബാഹ്യമായ ചില അത്ഭുത ലക്ഷണങ്ങൾ വച്ച് അളക്കുന്നതിലാണ് ജനങ്ങൾക്ക് താല്പര്യം.

ആരാണ് വിശുദ്ധർ? നിർവ്വചിക്കുക അത്ര എളുപ്പമല്ല. വ്യക്തികളെ വിശുദ്ധന്മാരും ശുദ്ധിമതികളുമായി പ്രഖ്യാപിക്കാൻ പൗരസ്ത്യ സഭകൾ പൊതുവെ വിമുഖത കാട്ടുന്നു. കാരണങ്ങൾ പലതുണ്ട്. ഒന്നാമതായി, നമ്മുടെ ലോകത്തിൽ മറ്റെല്ലാം പോലെതന്നെ വിശുദ്ധിയും ആപേക്ഷികമാണ്. ഒരാളെ വിശുദ്ധനെന്ന് പ്രഖ്യാപിക്കണമെങ്കിൽ മറ്റൊരാളുമായോ മറ്റു പലരുമായോ താരതമ്യം ചെയ്യേണ്ടി വരുന്നു. ഈ താരതമ്യ ചിന്തയുടെ അടിസ്ഥാനം സുദൃഢമല്ല. കാലദേശങ്ങൾക്കനുസരിച്ചും വ്യക്തികളെ അപേക്ഷിച്ചും താരതമ്യത്തിന്റെ അടിസ്ഥാനം മാറിക്കൊണ്ടിരിക്കും. കേവല വിശുദ്ധി ദൈവത്തിനു മാത്രമുള്ളതാണ്. പക്ഷേ, അത് അപരിമിതമാണ്. ആപേക്ഷികതയ്ക്കും താരതമ്യത്തിനും അതീതവുമാണ്. അതുകൊണ്ട് ദൈവത്തിന്റെ വിശുദ്ധിയുടെ അടിസ്ഥാനത്തിൽ ഒരു വ്യക്തിയെ വിശുദ്ധനെന്ന് നിർണ്ണയിക്കുക എളുപ്പമല്ല. മാത്രവുമല്ല ദൈവത്തിന്റെ വിശുദ്ധി പൂർണ്ണമായി അറിഞ്ഞവർ ആരാണ്? ഒന്നിനെ മറ്റൊന്നുമായി താരതമ്യം ചെയ്യണമെങ്കിൽ രണ്ടും പൂർണ്ണമായി അറിഞ്ഞിരിക്കേണ്ടതല്ലേ?

രണ്ടാമതായി, ഒരു മനുഷ്യന്റെ വിശുദ്ധി നിർണ്ണയിക്കുക മറ്റു മനുഷ്യർക്ക് എളുപ്പമല്ല. എത്ര ഉൾക്കാഴ്ചയുള്ള വ്യക്തിക്കും മറ്റൊരു മനുഷ്യ വ്യക്തിയുടെ ആന്തരിക വ്യാപാരങ്ങളെ പൂർണ്ണമായി വിവേചിക്കാനും നിർണ്ണയിക്കാനും സാധിക്കുകയില്ല. എത്ര വലിയ മനഃശാസ്ത്രജ്ഞനും മനുഷ്യമനസ്സിന്റെ കുറെ ഭാവങ്ങളെയും ചിലവശങ്ങളെയും മാത്രമേ ഗ്രഹിക്കാനാവൂ. അത്ര ആഴമേറിയതും സങ്കീർണ്ണവുമാണ് മനസ്സ് എന്ന പ്രതിഭാസം. ഇതിലും അഗമ്യമാണ് ആത്മാവിന്റെ ചലനങ്ങൾ. ഒരു വ്യക്തിയെക്കുറിച്ചുള്ള മറ്റുള്ളവരുടെ നിർണ്ണയം ശരിയായിരിക്കാനുള്ള സാദ്ധ്യത പോലെതന്നെ തെറ്റായിരിക്കാനും സാദ്ധ്യതയുണ്ട്.

മൂന്നാമതായി, വിശുദ്ധിയെന്നത് നിരന്തരമായ വളർച്ചയും ആത്മീയ പുരോഗതിയുമാണ്. അത് ദൈവത്തിന്റെ അതുല്യമായ ഒരു ദാനവുമാണ്. ഒരു വ്യക്തി ഈ ലോകത്തിൽ ജീവിച്ചിരിക്കുന്ന കുറെ വർഷങ്ങളിലെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ആ വ്യക്തിയുടെ വിശുദ്ധി നിർണ്ണയിക്കുന്നതിൽ ചിലപ്പോൾ പാകപ്പിഴകളുണ്ടാകാം. ക്രിസ്തുവാകുന്ന തലയോളം വളർന്ന് ദൈവസദൃശന്മാരാകാൻ വിളിക്കപ്പെട്ടിരിക്കുന്നവർക്ക് അപരിമിതമായ വളർച്ചയുടെ സാദ്ധ്യതയാണുള്ളത്. വിശുദ്ധന്മാരെന്ന് നാം കരുതുന്ന വ്യക്തികൾ ഈ നിരന്തരമായ ആത്മീയ വളർച്ചയെക്കുറിച്ച് പൂർണ്ണബോധമുള്ളവരാണ്. അതുകൊണ്ട് തങ്ങളെ സ്വയം കുറവുള്ളവരായി അവർ കാണുന്നു. മറ്റുള്ളവർ നല്കുന്ന 'വിശുദ്ധർ' എന്ന വിശേഷണം അവർ ഒരിക്കലും സ്വീകരിക്കയുമില്ല.

താത്വികമായി ഇങ്ങനെയൊക്കെപ്പറഞ്ഞാലും ചില പ്രത്യേക വ്യക്തികളുടെ ജീവിത വിശുദ്ധി നമ്മുടെ ശ്രദ്ധയാകർഷിക്കുന്നു. അവരുമായി ഇടപഴകിയവരുടെയും ആത്മീക സംസർഗ്ഗം ചെയ്യുന്നവരുടെയും അനുഭവത്തിന്റെ വെളിച്ചത്തിൽ അവരെ വിശുദ്ധരായി നാം അംഗീകരിച്ച് ആദരിക്കുന്നു. ക്രിസ്തീയസഭയിൽ വിശുദ്ധന്മാരും ശുദ്ധിമതികളുമെന്നറിയപ്പെടുന്നവർ ഇങ്ങനെ ദീർഘനാളുകൾകൊണ്ട് പൊതുവെ ജനങ്ങളുടെ ഇടയിൽ സ്വീകാരവും സമ്മതവും നേടിയവരാണ്. ഔപചാരികമായ പ്രഖ്യാപനം കൊണ്ടല്ല അവർ വിശുദ്ധരാകുന്നത്. നേരേമറിച്ച് വിശുദ്ധരായി ജനങ്ങൾ അംഗീകരിക്കയും സ്വീകരിക്കുകയും ചെയ്യുന്ന ചിലരെ പിന്നീടു ചിലപ്പോൾ വിശുദ്ധരായി പ്രഖ്യാപിച്ചേക്കാം.

എല്ലാ വിശ്വാസികളെയും പൗലോസ് ശ്ലീഹാ വിശുദ്ധരെന്ന് വിശേഷിപ്പിക്കുന്നുണ്ട്. ദൈവത്തിന്റെ വിശുദ്ധിയിൽ പങ്കുചേരുവാൻ വിളിക്കപ്പെട്ടവർ, ക്രിസ്തുവിന്റെ രക്തത്താൽ വിശുദ്ധീകരണം പ്രാപിച്ചവർ എന്നൊക്കെയുള്ള അർത്ഥത്തിലാണ് അദ്ദേഹം ഈ പദം ഉപയോഗിക്കുന്നത്. തേജസ്സിന്മേൽ തേജസ്സ് പ്രാപിച്ച് ക്രിസ്ത്വനുരൂപികളും അങ്ങനെ ദൈവസദൃശരുമാവുകയെന്നതാണ് വിശുദ്ധിയുടെ പാരമ്യതയായി സഭ പഠിപ്പിക്കുന്നത്. പക്ഷേ, ദൈവീകരണമെന്ന ഈ പരമാനുഭവം ഒരു നിശ്ചലമായ ബിന്ദുവിൽ അവസാനിക്കുന്നില്ല. മറിച്ച് അനുനിമിഷം ചലനാത്മകമായ, വികസ്വരമായ ഒരനുഭവമണ്ഡലത്തിലേക്കുള്ള പ്രവേശനമാണത്. നിസ്സായിലെ വി. ഗ്രീഗോറിയോസും മറ്റും പറയുന്നതുപോലെ 'അവസാനമില്ലാത്ത ആരോഹണ'മാണത്. അപ്പോൾ ഈയർത്ഥത്തിൽ, ഒരുവൻ 'വിശുദ്ധീകരിക്കപ്പെട്ടു' എന്നു ഭൂതകാലത്തിൽ പറയുവാൻ നമുക്ക് പ്രയാസമാണ്. 'വിശുദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു' എന്ന് തുടർച്ചയായ വർത്തമാന കാലത്തിലേ പറയാനാവൂ (ഈ ജീവിതത്തിനപ്പുറത്ത് ഭൂതകാലത്തിനും വർത്തമാന കാലത്തിനും പ്രസക്തിയൊന്നുമില്ലെങ്കിലും ഇവിടെ നമുക്ക് അങ്ങിനെ മാത്രമേ പറയാനാവൂ).

വിശുദ്ധിയെന്നത് ഒരേസമയം ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ദാനവും നമ്മുടെ ആത്മീക സാധനയുടെ ഫലവും ആത്യന്തികമായ ആത്മിക സാക്ഷാത്കാരവുമാണ്. വിശുദ്ധരായി പരിഗണിക്കപ്പെടുന്നവരുടെ വിശുദ്ധി മനുഷ്യരാശിയുടെ പൊതുസമ്പത്താണ്. വിശുദ്ധന്മാർ തങ്ങൾക്കുവേണ്ടി കരുതാതെ, കർത്താവിനെപ്പോലെ ലോകത്തിനു വേണ്ടി സ്വയം നല്കിയവരാണ്. അവരുടെ വിശുദ്ധി മറ്റുള്ളവർക്ക് ആത്മീക ഭക്ഷണവും പ്രചോദനസ്രോതസ്സുമാണ്. ഒറ്റപ്പെട്ട വ്യക്തിയായിട്ടല്ല വിശുദ്ധനെയോ ശുദ്ധിമതിയെയോ നാം കരുതുന്നത്. അവർ കർത്താവിന്റെ സമൂഹ ശരീരത്തിലെ അവിഭാജ്യമായ അവയവങ്ങളാണ്. അതുകൊണ്ട് സ്വാർത്ഥപരമായ ലക്ഷ്യങ്ങൾക്കുവേണ്ടി അവരെ ഉപയോഗിക്കാൻ ശ്രമിക്കുന്നത് ശരിയല്ല. സ്നേഹമാണ് അവരുടെ വിശുദ്ധിയുടെ അടിസ്ഥാനവും ഉരകല്ലും. മനുഷ്യസ്നേഹമില്ലാതെ, നന്മ ചെയ്യാൻ ആഗ്രഹമില്ലാതെ വിശുദ്ധന്മാരെ വിളിച്ച് പ്രാർത്ഥിക്കുന്നത് അങ്ങേയറ്റം അപലപനീയമാണ്. കള്ളപ്പണത്തിന്റെയും വഞ്ചനയുടെ വെള്ളിക്കാശിന്റെയും പങ്ക് വിശുദ്ധന്മാർക്ക് നല്കി സ്വന്തം മനഃസാക്ഷിയെ തൃപ്തിപ്പെടുത്തുന്നത് മ്ലേച്ഛതയാണ്.

പ്രകാശത്തെയാണ് വിശുദ്ധിയുടെ പ്രതീകമായി സാധാരണ വ്യവഹരിക്കുന്നത്. ദൈവം അഗമ്യതേജോമയമായ പ്രകാശമാണ്. സൃഷ്ടി മുഴുവനും പ്രകാശംകൊണ്ട് നിറയുവാൻ സൃഷ്ടിയുടെ തുടക്കം തന്നെ പ്രകാശത്തിലാണ്. ഇങ്ങനെ പ്രഭാപൂരിതമായ ഒരു ചിത്രമാണ് മനുഷ്യന്റെ ആത്യന്തിക വിശുദ്ധീകരണത്തെക്കുറിച്ച് സഭാപിതാക്കന്മാർ നല്കുന്നത്. മനുഷ്യന്റെ ആദിശോഭ ശരിയായി പ്രതിഫലിപ്പിക്കുവാൻ നമുക്കിന്ന് കഴിയുന്നില്ല. കാരണം, മനുഷ്യന് സംഭവിച്ച വീഴ്ചതന്നെ. വീഴ്ചയ്ക്കുമുമ്പ് ആദാമിനും ദൈവത്തിനും പ്രകൃതിക്കുമിടയിൽ ആവരണമില്ലായിരുന്നു. ദിവ്യശോഭ പൂർണ്ണമായി സ്വീകരിക്കുവാനും പ്രതിഫലിപ്പിക്കുവാനും ആദിമനുഷ്യനും പ്രപഞ്ചത്തിനും കഴിയുമായിരുന്നു.

അപ്പോൾ വിശുദ്ധീകരണമെന്നത് ഈ ഇരുട്ടിന്റെ തിരശ്ശീലകൾ മാറ്റി മനുഷ്യനും മനുഷ്യനും തമ്മിലും മനുഷ്യനും ദൈവവും തമ്മിലും മനുഷ്യനും പ്രകൃതിയും തമ്മിലും മുഖാമുഖം കണ്ട് ദൈവിക പ്രകാശത്തിൽ ഉല്ലസിക്കുകയെന്നതാണ്. സൃഷ്ടിക്കു മുമ്പേയുള്ള ദിവ്യശോഭയിൽ മനുഷ്യരും പ്രകൃതിയും പൂർണ്ണമായും പങ്കാളികളാവുന്നു. താബോർ മലയിലെ അപൂർവ്വ പ്രകാശത്തിൽ യേശുവും മോശയും ഏലിയാവും ഒരേസമയം സന്നിഹിതരായതുപോലെ, സകല സൃഷ്ടിയും ദൈവസന്നിധിയിൽ പരസ്പരം മറയില്ലാതെ സത്യപ്രകാശത്തിൽ ശോഭിതമായി ആനന്ദനൃത്തം ചെയ്യുന്നതായി വിശുദ്ധന്മാർ ദർശിക്കുന്നു. ലജ്ജാരഹിതമായ മുഖങ്ങളും വഞ്ചനയില്ലാത്ത ഹൃദയങ്ങളുമാണിവിടെ നാം കാണുന്നത്. ഈ ലോകത്തിൽ വിശുദ്ധന്മാരെ സ്നേഹിക്കയും ആദരിക്കയും ചെയ്യുന്നവർ ഇതുതന്നെയാണ് ആഗ്രഹിക്കേണ്ടത്—മറച്ചുവയ്ക്കാനൊന്നുമില്ലാത്ത ഹൃദയങ്ങളും ലജ്ജാരഹിതമായ പ്രസന്നമുഖങ്ങളും. കാപട്യവും വഞ്ചനയുമുള്ള ഈ ലോകത്തിൽ അവർ നീതിയുടെ നിത്യസൂര്യന്മാരായിരിക്കും.

പരുമല തിരുമേനി

പരുമല മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായെ വിശുദ്ധനായി പ്രഖ്യാപിച്ചതു മലങ്കര ഓർത്തഡോക്സ് സഭയുടെ ചരിത്രത്തിൽ ഒറ്റപ്പെട്ട സംഭവമാണ്. ജീവിച്ചിരിക്കെതന്നെ, സമകാലീനർ അദ്ദേഹത്തെ ഒരു പുണ്യപുരുഷനായി കണ്ടുതുടങ്ങിയിരുന്നു. ക്രൈസ്തവരും ഇതര മതസ്ഥരുമായ അനേകായിരങ്ങളുടെ വ്യക്തിപരമായ അനുഭവസാക്ഷ്യങ്ങൾക്കു മകുടം ചാർത്തിക്കൊണ്ടാണ് 1947-ൽ മലങ്കര ഓർത്തഡോക്സ് സഭാ സുന്നഹദോസ് പരുമല തിരുമേനിയുടെ വിശുദ്ധ ജീവിതത്തിനു സഭാസാക്ഷ്യം നല്കിയത്.

ഓർത്തഡോക്സ് ക്രൈസ്തവ ചിന്തയനുസരിച്ച്, ക്രിസ്തുവിലുള്ള വിശ്വാസം മൂലം, സംശുദ്ധവും സ്നേഹാർദ്രവുമായ മനുഷ്യജീവിതം നയിച്ചു ക്രിസ്ത്വനുരൂപികളായിത്തീർന്ന വ്യക്തികളെയാണു മരണശേഷം വിശുദ്ധർ എന്നു നാമകരണം ചെയ്യുന്നത്. തൈജസികമായ ജീവിതത്തിലൂടെ ഈശ്വരഭാവങ്ങളായ കരുണയും സ്നേഹവും ക്ഷമയും വിവിധ ആത്മീയ വരങ്ങളും അവർ പ്രകടിപ്പിക്കുന്നു. ജീവിച്ചിരുന്നാലും ഭൗതികമായി മരിച്ചാലും അവർ ക്രിസ്തുവിൽ സജീവരായി നിലകൊണ്ടു നിരന്തരം ലോകത്തിനുവേണ്ടി പ്രാർത്ഥിക്കുന്നു. വിശ്വാസികൾ അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. അവരുടെ മധ്യസ്ഥപ്രാർത്ഥനയെ വിലപ്പെട്ടതായി കരുതുന്നു. ഇവിടെ പരസ്പരമുള്ള പ്രാർത്ഥന ക്രിസ്തുവിലുള്ള അനന്തമായ സ്നേഹത്തിന്റെ പ്രകടനമാണ്. പ്രാർത്ഥനയിലൂടെ വിശുദ്ധരുമായുള്ള സംസർഗ്ഗം മൂലം ഈ ലോകത്തിൽ ജീവിക്കുന്നവർ ക്രിസ്തീയ ജീവിതത്തിൽ പരിപോഷിപ്പിക്കപ്പെട്ടു ക്രിസ്തുസ്വഭാവമുള്ളവരായിത്തീരുന്നു. ഇതാണു ചുരുക്കത്തിൽ വിശുദ്ധന്മാരെക്കുറിച്ചുള്ള ക്രിസ്തീയ പ്രബോധനം. എന്നാൽ 'ഉദ്ദിഷ്ടകാര്യസാധ്യ

(ശേഷം 3-ാം പേജിൽ)

പരിശുദ്ധിയുടെ പരിമളം...

(രണ്ടാം പേജിൽ നിന്നും)

'ത്തിനുവേണ്ടി മാത്രം വിശുദ്ധന്മാരുടെ നാമം മാന്ത്രികമായി ഉപയോഗിക്കുന്ന ജനങ്ങളും 'ഉപകാരസ്മരണ'യെ വാണിജ്യവത്കരിക്കുന്ന മതസ്ഥാപനങ്ങളും മാധ്യമങ്ങളും ധാരാളമുണ്ടെന്നു മറക്കാതിരിക്കുക.

പരുമല തിരുമേനിയുടെ ദൈവശാസ്ത്ര ദർശനം

പരുമല തിരുമേനി സവിശേഷമായ ഒരു പാരമ്പര്യത്തിന്റെ പ്രതിനിധിയാണ്. പൗരസ്ത്യ ക്രിസ്തീയ പാരമ്പര്യം എന്ന് പൊതുവായി വിളിക്കാവുന്ന ഒരു ആദ്ധ്യാത്മിക സംസ്കൃതിയുടെ തെളിവാർന്ന രൂപരേഖകൾ അദ്ദേഹത്തിൽ കാണാം. തിരുമേനിയുടെ ദർശനവും ജീവിതശൈലിയും രചനകളും പ്രബോധനങ്ങളും ഈ പുരാതന ക്രൈസ്തവ സമ്പ്രദായത്തിന്റെ നിദർശനങ്ങളാണ്.

അതുകൊണ്ട് 'പരുമല തിരുമേനിയുടെ ദൈവശാസ്ത്രം' എന്നൊന്ന് വേറിട്ട് വ്യക്തിഗതമായി ഇഴതിരിച്ചെടുക്കുക സാധ്യമല്ല. സുവിശേഷവും സന്യാസവും ആരാധനയും ആർദ്രസ്നേഹവും അനുഷ്ഠാനവും അനുഭവതീവ്രതയും എല്ലാം ചേർന്ന് ഊടും പാവുമിട്ട ഒരു സമഗ്ര സാമ്പ്രദായിക ദർശനമാണത്.

അക്ഷരവിദ്യയിലും തർക്കശാസ്ത്രത്തിലും മാത്രം ഊന്നിയ ഒരു ബൗദ്ധിക വ്യവഹാരമായി ദൈവവിജ്ഞാനീയത്തെ കാണാൻ പൗരസ്ത്യ ക്രിസ്തീയ പാരമ്പര്യം വിസമ്മതിക്കുന്നു. വേദത്തിന്റെ വ്യാഖ്യാനം നമ്മുടെ ജീവിതത്തിലൂടെയാണ് നല്കേണ്ടത്. വചോയുക്തിയും സിദ്ധാന്തഭദ്രതയും നമ്മുടെ സാധാരണ വ്യാഖ്യാനപ്രക്രിയയിൽ അവശ്യമായിരിക്കാം. പക്ഷേ, ജീവിതഭാഷ്യത്തിന്റെ ആകെത്തുകയിലാണ് ദൈവശാസ്ത്രത്തിന്റെ വേരുകളും വിശ്വാസ്യതയും കണ്ടെത്തേണ്ടത്.

ഇങ്ങനെയൊരു സവിശേഷമായ ഭാഷ്യം പരുമല മാർ ഗ്രിഗോറിയോസ് തന്റെ ജീവിതംകൊണ്ട് നമുക്ക് നല്കി എന്നുള്ളതുകൊണ്ടാണ് ഓർത്തഡോക്സ് സഭ ആ ജീവിതഭാഷ്യകാരന് 'വിശുദ്ധ' വിശേഷണം നല്കി ആദരിച്ചത്. ഓർത്തഡോക്സ് ക്രൈസ്തവ ചിന്തയനുസരിച്ച്, ക്രിസ്തുവിലുള്ള വിശ്വാസം മൂലം സംശുദ്ധവും സ്നേഹാർദ്രവുമായ മനുഷ്യജീവിതം നയിച്ച്, ക്രിസ്ത്വനുരൂപികളായിത്തീർന്ന വ്യക്തികളെയാണ് അവരുടെ മരണശേഷം വിശുദ്ധർ എന്ന് നാമകരണം ചെയ്യുന്നത്. തൈജസികമായ ജീവിതത്തിലൂടെ, ഈശ്വരഭാവങ്ങളായ കരുണയും സ്നേഹവും ക്ഷമയും മറ്റ് ആത്മീയ നല്വരങ്ങളും മനുഷ്യനന്മയ്ക്കായി അവർ പ്രകടിപ്പിക്കുന്നു. ജീവിച്ചിരുന്നാലും ഭൗതികമായി മരിച്ചാലും അവർ ക്രിസ്തുവിൽ സജീവരായി നിലകൊണ്ട് നിരന്തരം ലോകത്തിനുവേണ്ടി പ്രാർത്ഥിക്കുന്നു. വിശ്വാസികൾ അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. അവരുടെ മധ്യസ്ഥപ്രാർത്ഥനയെ വിലയേറിയതായി കരുതുന്നു. ഇവിടെ പരസ്പരമുള്ള പ്രാർത്ഥന ക്രിസ്തുവിലുള്ള അനന്തമായ സ്നേഹത്തിന്റെ പ്രകടനമാണ്. പ്രാർത്ഥനയുടെ പാരസ്പര്യത്തിലൂടെ, വിശുദ്ധരുമായുള്ള സത്സംഗം മൂലം ഈ ലോകത്തിൽ ജീവിക്കുന്നവർ ക്രിസ്തീയ ജീവിതത്തിൽ പരിപോഷിപ്പിക്കപ്പെട്ട് ക്രിസ്തുവിന്റെ സ്വഭാവമുള്ളവരായിത്തീരുന്നു.

ജീവിതവിശുദ്ധി, പ്രാർത്ഥന, മനുഷ്യസ്നേഹം എന്നീ വേരുകളിൽ ഉറച്ചുനില്ക്കുന്ന ഓർത്തഡോക്സ് ആദ്ധ്യാത്മിക പാരമ്പര്യമാണ് പരുമല തിരുമേനിയുടെ ദൈവശാസ്ത്രവീക്ഷണത്തെ രൂപപ്പെടുത്തിയത്. ഈ മൂന്നു കാര്യങ്ങളിലും പാരമ്പര്യത്തിന്റെ പ്രസ്ഫുരണം സവിശേഷമായ സൗകുമാര്യത്തോടെ പരുമല തിരുമേനിയിൽ തെളിയുന്നുണ്ട്. ഇത് ഒരിക്കലും അന്ധമായ പാരമ്പര്യവാദമോ ഗതാനുഗതികത്വമോ അനുഷ്ഠാനജടിലതയോ ആകുന്നില്ല. നറുമണം പരത്തി വിരിഞ്ഞുകൊണ്ടിരിക്കുന്ന പൂവിനെപ്പോലെ, അനുക്ഷണ വികസ്വരമായ ദിവ്യജ്ഞാനത്തിന്റെ സുഗന്ധമാണ് തിരുമേനിയുടെ ജീവിതത്തിലൂടെ നമുക്ക് അനുഭവവേദ്യമാകുന്നത്.

വിശുദ്ധി

ക്രിസ്തുവിന്റെ അനുഗാമികൾ എല്ലാവരും വിശുദ്ധരാകാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്നാണ് വേദപുസ്തകം പഠിപ്പിക്കുന്നത്. എങ്കിലും ജനഹൃദയങ്ങളിൽ ആത്മീയ മുദ്ര പതിപ്പിക്കുന്ന ചില വിശിഷ്ടവ്യക്തികൾ ഉണ്ടാകാറുണ്ട്. അവർ ഔദ്യോഗിക അംഗീകാരം കൂടാതെതന്നെ പുരുഷാന്തരങ്ങൾക്ക് ആത്മജ്യോതിസ്സായി ശോഭിക്കുന്നു. പരുമല തിരുമേനിക്ക് സഭ ഔദ്യോഗികാംഗീകാരം നല്കുന്നതിന് എത്രയോ മുമ്പുതന്നെ ജനങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തെ വിശുദ്ധിയുടെ മാതൃകാരൂപമായി സ്വീകരിച്ചു കഴിഞ്ഞിരുന്നു.

വ്യക്തികളെ വിശുദ്ധരായി ഔദ്യോഗിക പ്രഖ്യാപനം നടത്തുന്ന രീതി ആദിമ സഭയിൽ ഇല്ലായിരുന്നു. പത്താം നൂറ്റാണ്ടിനുശേഷം പാശ്ചാത്യസഭയിലുണ്ടായ ഈ രീതി ക്രമേണ ചില പൗരസ്ത്യസഭകളിലേക്ക് വ്യാപിച്ചു. പുരാതനമായ ആരാധനാക്രമങ്ങളിലും പ്രമാണഗ്രന്ഥങ്ങളിലും 'വിശുദ്ധർ' എന്ന വിശേഷണം പൊതുവെ അഞ്ചുകൂട്ടം ആളുകൾക്ക് നല്കുന്നതായി കാണാം:

1. ക്രിസ്തുവിന്റെ അമ്മയായ വി. കന്യകമറിയം, അപ്പോസ്തോലന്മാർ, വേദപുസ്തക രചയിതാക്കൾ തുടങ്ങിയവർ.

2. ക്രിസ്തുവിലുള്ള വിശ്വാസത്തെപ്രതി രക്തസാക്ഷിമരണം പ്രാപിച്ച സ്ത്രീപുരുഷന്മാർ (സഹദേന്മാർ)

3. ക്രിസ്തുവിലുള്ള സത്യവിശ്വാസം പഠിപ്പിക്കുകയും വേദഗ്രന്ഥം പ്രഗല്ഭമായി വ്യാഖ്യാനിക്കുകയും വിശുദ്ധജീവിതം നയിക്കയും ചെയ്ത ഗുരുക്കന്മാരും സഭാപിതാക്കന്മാരും.

4. ക്രിസ്തുവിലുള്ള വിശ്വാസം ഏറ്റു പറഞ്ഞ് സത്യം, നീതി എന്നിവയ്ക്കുവേണ്ടി പരസ്യമായി നിലകൊണ്ടതുമൂലം കഠിനമായി പീഡിപ്പിക്കപ്പെട്ട സ്ത്രീപുരുഷന്മാർ (മൗദ്യോനന്മാർ).

5. ക്രിസ്തുവിന്റെ മാതൃകയിൽ, പ്രാർത്ഥനാപൂരിതവും തപോനിഷ്ഠവും മനുഷ്യസ്നേഹനിർഭരവുമായ ജീവിതം മൂലം ജനങ്ങൾക്ക് പ്രതിസന്ധിഘട്ടങ്ങളിൽ ആശ്വാസവും സൗഖ്യവും ആത്മീയ മാർഗ്ഗദർശനവും നല്കിയ സ്ത്രീപുരുഷന്മാർ.

പരുമല തിരുമേനി ഇവയിൽ മൂന്ന്, അഞ്ച് വിഭാഗങ്ങളിൽപ്പെടുന്നു. അദ്ദേഹം സഭയുടെ മല്പാനും (ഗുരു), ജനങ്ങൾക്ക് സൗഖ്യദായകനും മാർഗ്ഗദർശിയുമായിരുന്നു. അദ്ദേഹത്തിന്റെ ആസ്ഥാനമായിരുന്ന പരുമല സെമിനാരി ഒരേസമയം വേദവിദ്യാപീഠവും സന്യാസാശ്രമവുമായിരുന്നു. ഓർത്തഡോക്സ് സഭ അനുശാസിക്കുന്ന വിധം അദ്ദേഹം തപോനിഷ്ഠമായ അനുതാപജീവിതം നയിച്ചു.

പാശ്ചാത്യമിഷണറിമാരുടെ വികലമായ വിശ്വാസപ്രബോധനങ്ങളെ തിരുത്തി ജനങ്ങൾക്ക് സത്യവിശ്വാസം ചൂണ്ടിക്കാണിച്ചുകൊടുത്തു. താണജാതിക്കാരുടെ ഉന്നമനം ലാക്കാക്കി അവർക്ക് വിദ്യാഭ്യാസം നല്കുന്നതിന് തിരുമേനി ഉത്സാഹിച്ചു. ധന്യമായ ജീവിതംമൂലം തനിക്കു ലഭിച്ച ദിവ്യദാനങ്ങൾ രോഗികളുടെ സൗഖ്യത്തിനും കലഹിച്ചിരിക്കുന്നവരുടെ അനുരഞ്ജനത്തിനും പാവങ്ങളുടെയും നിന്ദിതരുടെയും സമാശ്വാസത്തിനുമായി വിനയപൂർവ്വം ഉപയോഗിച്ചു. ക്രിസ്തുവിന്റെ ആർദ്രതയ്ക്കും മനുഷ്യസ്നേഹത്തിനും അദ്ദേഹം വിശിഷ്ടസാക്ഷിയായി.

പ്രാർത്ഥന

സാഹിത്യാചാര്യനായ സുകുമാർ അഴീക്കോട് ഒരിക്കൽ പറഞ്ഞു: "പരുമല തിരുമേനി പരിമള തിരുമേനിയാണെ"ന്ന്. ഓർത്തഡോക്സ് ആധ്യാത്മികതയുടെ ഉൾക്കാമ്പിലേക്കാണ് ഈ വാഗ്മിത പ്രസ്താവന വിരൽചൂണ്ടിയത്. പരിമള ധൂപം പൗരസ്ത്യ ആരാധനയുടെ അവിഭാജ്യഘടകമാണ്. കുന്തിരിക്കം തുടങ്ങിയ സുഗന്ധവർഗ്ഗങ്ങളുടെ പരിമളവാസന ബൈബിളിൽ പ്രാർത്ഥന, ഈശ്വരപ്രസാദം, മനുഷ്യനന്മ, ഉയിർപ്പ്, പുതിയ ജീവൻ എന്നിവയുടെ അടിസ്ഥാന പ്രതീകമാണ്. "സുഗന്ധധൂപം വിശുദ്ധന്മാരുടെ പ്രാർത്ഥനയോടൊപ്പം ദൈവസന്നിധിയിലേക്ക് ഉയരുന്നു" (വെളിപാട് 8:4) എന്നാണ് ക്രിസ്തീയ വേദസങ്കല്പം. പൗരസ്ത്യ പാരമ്പര്യത്തിൽ, നിശ്ശബ്ദമായി വ്യാപിക്കുന്ന വിശുദ്ധിയെ സൂചിപ്പിക്കാൻ 'പരിമള' പദം ഉപയോഗിക്കുന്നു. ക്രിസ്തുവിന്റെ ശരീരത്തിൽ പൂശിയ പരിമള തൈലം മരണത്തിന്റെ ദുർഗന്ധത്തെ വിപാടനം ചെയ്ത പുതിയ ജീവന്റെ സുഗന്ധത്തെ സൂചിപ്പിക്കുന്നു. പരിമളം സൃഷ്ടിക്കാനുപയോഗിക്കുന്ന സുഗന്ധ വ്യഞ്ജനങ്ങളെല്ലാം സവിശേഷമായ ഔഷധഗുണമുള്ളവയാണ്. വിശുദ്ധ വ്യക്തികളുടെ ജീവിതം, പ്രാർത്ഥന എന്നിവ മധുരപരിമളംപോലെ നിശ്ശബ്ദവും സൗമ്യവും സൗഖ്യദായകവുമാണ്. സുവിശേഷഘോഷണം പനിനീർപ്പൂവിന്റെ പരിമളംപോലെ അക്രമരഹിതവും സന്തോഷജന്യവുമായിരിക്കണം എന്ന് ഗാന്ധിജി പാശ്ചാത്യ മിഷനറിമാരെ ഉപദേശിച്ചത് നാം ഓർക്കുക. 'നാം ദൈവത്തിന് ക്രിസ്തുവിന്റെ പരിമളവാസനയാകുന്നു' (2 കൊരി. 2:15) എന്ന് പൗലോസ് അപ്പോസ്തോലൻ പഠിപ്പിക്കുന്നു. പരുമല തിരുമേനിയുടെ പ്രാർത്ഥനയും ജീവിതവും മലങ്കരസഭയുടെ പരിമളധൂപമായി ദൈവസന്നിധിയിൽ എത്തുന്നു എന്ന് ജനങ്ങൾ വിശ്വസിക്കുന്നു.

സൃഷ്ടിയോടുള്ള സ്നേഹം

'ദൈവം സൃഷ്ടിക്കുന്നതെല്ലാം നമുക്ക് സ്നേഹിക്കാനാണ്' എന്ന് പ്രസ്താവിക്കുന്ന പരുമല തിരുമേനി സൃഷ്ടിയെക്കുറിച്ചുള്ള പൗരസ്ത്യ ക്രിസ്തീയ ദർശനത്തിന്റെ കേന്ദ്രബിന്ദു നമുക്ക് വെളിപ്പെടുത്തുന്നു. ദൈവം കേവലമായ നന്മയും പ്രകാശവുമാണെന്നും തന്നിൽ ഇരുട്ട് ഒട്ടുമില്ലെന്നും വി. യോഹന്നാൻ രേഖപ്പെടുത്തുന്നു (1 യോഹ. 1:5). എല്ലാ നല്ല ദാനങ്ങളും പ്രകാശങ്ങളുടെ പിതാവായ ദൈവത്തിൽനിന്നു വരുന്നു എന്നു വേദപുസ്തകം (യാക്കോ. 1:17) സാക്ഷിപ്പെടുത്തുന്നു. ഈയടിസ്ഥാനത്തിൽ പ്രഗല്ഭ ദൈവശാസ്ത്രജ്ഞന്മാരായിരുന്ന കൈസര്യയിലെ വി. ബസേലിയോസ്, നാസിയാൻസിലെ വി. ഗ്രിഗോറിയോസ്, നിസ്സായിലെ വി. ഗ്രിഗോറിയോസ് എന്നിവർ ദൈവനന്മയെക്കുറിച്ചും സ്വാതന്ത്ര്യത്തെക്കുറിച്ചും ദൈവത്തിന്റെ സകല സൃഷ്ടിക്കും അതിലുള്ള പങ്കാളിത്തത്തെക്കുറിച്ചും പഠിപ്പിച്ചു. ആ മഹത്തായ ദൈവശാസ്ത്രദർശനത്തെ പരുമല തിരുമേനി സ്വാംശീകരിച്ചു. അതുകൊണ്ട് വാചംയമിത്വത്തോടെ, നാലു വാക്കുകളിൽ തിരുമേനി ഒതുക്കുന്ന പ്രസ്താവനയ്ക്കു പുറകിൽ സ്ഥലകാലാതിശായിയായ ഒരു മഹൽ ദൈവദർശനമുണ്ട്. ദൈവം താൻ സൃഷ്ടിച്ചതെല്ലാം 'നല്ലതെന്ന് കണ്ടു.' അതുകൊണ്ട് നന്മയും സൗന്ദര്യവും സത്യവും ദൈവത്തിന്റെ സർവ്വസൃഷ്ടിയിലും സന്നിഹിതമായിരിക്കുന്നു. സൃഷ്ടിയിൽ അന്തർലീനമായ ദിവ്യനന്മയെക്കുറിച്ചുള്ള അവബോധമാണ് മനുഷ്യത്വത്തിലേക്ക് വളരാൻ നമ്മെ സഹായിക്കുന്നത്. സത്യവും സൗന്ദര്യവും നന്മയിൽനിന്ന് വ്യതിരിക്തമല്ല. നമ്മുടെ സൗന്ദര്യബോധത്തെയും സത്യഗ്രഹണശേഷിയെയും പ്രകാശമയമാക്കുന്ന ഇതേ ബോധത്തിൽനിന്നാണ് സൃഷ്ടിയോടുള്ള ആർദ്രസ്നേഹവും കാരുണ്യവും ഉറവെടുക്കുന്നത്. തിന്മയൊട്ടുമില്ലാത്ത, നന്മയുടെ പൂർണ്ണതയായ ദൈവത്തിൽനിന്ന് ഉളവായതെല്ലാം നമ്മുടെ സ്നേഹത്തെയും കാരുണ്യത്തെയും അർഹിക്കുന്നു. സമസൃഷ്ടങ്ങളോടുള്ള ആഴമായ അനുകമ്പയും സ്നേഹവും നിമിത്തം നിരന്തരമായി കണ്ണീരൊഴുക്കുന്ന നിനവേയിലെ വിശുദ്ധ ഇസഹാക്കിനെ (7-ാം നൂറ്റാണ്ട്)പ്പോലെ പരുമല തിരുമേനിയും ദൈവസൃഷ്ടിയെ മുഴുവനും തന്റെ കാരുണ്യക്കണ്ണീരാൽ പ്രക്ഷാളനം ചെയ്യുന്നു. സ്വന്തം പാപങ്ങളെക്കുറിച്ച് മാത്രമല്ല വിശുദ്ധന്മാർ അനുതപിക്കുന്നത്; ലോകത്തിന്റെ മുഴുവൻ ബലഹീനതകളെയും ദുഃഖങ്ങളെയും ക്രിസ്തുവിനെപ്പോലെ, ക്രിസ്തുവിനോടുകൂടി, അവരും വഹിക്കുന്നു. ഒരേ കണ്ണീർക്കണങ്ങൾതന്നെ ഒരു വശത്ത് സമസൃഷ്ടങ്ങൾക്കുവേണ്ടിയുള്ള അനുതാപക്കണ്ണീരായും മറുവശത്ത് സൃഷ്ടിയിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് ആവാഹിച്ചിരിക്കുന്ന നന്മയും സൗന്ദര്യവും സത്യവും ദർശിച്ചുകൊണ്ടുള്ള ആനന്ദബാഷ്പങ്ങളായും മാറുന്നു. ഇതിനെയാണ് നിനവേയിലെ വി. ഇസഹാക്ക് "കണ്ണീരിന്റെ വരദാനം" എന്നു വിശേഷിപ്പിക്കുന്നത്. നമ്മുടെ കാലത്ത്, പരുമല തിരുമേനിക്കുശേഷം പാമ്പാടി തിരുമേനിയും മറ്റും കണ്ണീർവരത്തിന്റെ ആർദ്രമായ പാതപിൻതുടർന്നവരാണ്.

ദൈവം സൃഷ്ടിച്ച സകലത്തെയും സ്നേഹിക്കാനാണ് നാം നിയോഗിക്കപ്പെട്ടിരിക്കുന്നതെന്നുള്ള തിരിച്ചറിവ്, നമ്മെ നിരവധി ബന്ധനങ്ങളിൽനിന്നും സ്വകാര്യ ദുഃഖങ്ങളിൽനിന്നും വിമോചിപ്പിക്കുന്നു. ഭയമില്ലാതെ, സങ്കുചിതമായ അതിരുകളില്ലാതെ നമ്മിൽനിന്നും സമസൃഷ്ടങ്ങളിലേക്ക് ആർദ്ര കരുണയുടെ നീർച്ചാലുകൾ ഒഴുകുമ്പോൾ അത് നമുക്കും സകലസൃഷ്ടിക്കും സൗഖ്യദായകമാണ്. സ്നേഹവും സൗഖ്യവും തമ്മിൽ അഭേദ്യമായ ഒരു ബന്ധമുണ്ട്. പരുമല തിരുമേനിയുടെ ജീവിതത്തിൽ ആ ബന്ധം സജീവമായിരുന്നതുകൊണ്ടാണ് അദ്ദേഹം സൗഖ്യദായകനായി അറിയപ്പെടുന്നത്.

പരുമല തിരുമേനിയുടെ ദൈവശാസ്ത്രദർശനത്തിന് മൗലികത(originality)യുണ്ട്. മൂലത്തോട്-വേരിനോട്-ബന്ധപ്പെട്ടതാണല്ലോ മൗലികം. ക്രിസ്തീയ ദർശനത്തിന്റെ നാരായവേരായ ക്രിസ്തുവിൽനിന്ന് ഉയിർകൊള്ളുന്ന

(ശേഷം 4-ാം പേജിൽ)

പരിശുദ്ധിയുടെ പരിമളം...

(മൂന്നാം പേജിൽ നിന്നും)

താണ് അദ്ദേഹത്തിന്റെ വീക്ഷണം. ആധുനികാർത്ഥത്തിൽ, തികച്ചും വ്യക്തിപരവും അപൂർവ്വസിദ്ധവുമായ ആശയത്തെ (പേറ്റന്റ് എടുക്കാവുന്നത്) വിശേഷിപ്പിക്കുന്ന രീതിയിൽ അല്ല ഇവിടെ 'മൗലികം' എന്നു പറയുന്നത്. അത് ആധുനിക ശാസ്ത്രീയ-വ്യാവസായിക സംസ്കാരത്തിൽനിന്നുണ്ടായ ഒരു വികലധാരണയാണ്. അതിന്റെ ലക്ഷ്യം വ്യക്തിയുടെ സ്വന്തം ചില അവകാശങ്ങൾ സംരക്ഷിക്കുകയെന്നതാണ്.

എന്നാൽ, അവികലമായ ആദ്ധ്യാത്മിക പാരമ്പര്യ പ്രവാഹത്തിന്റെ ഉറവകളിലേക്ക് നമ്മെ നയിക്കുന്നതുകൊണ്ടാണ് പരുമല തിരുമേനിയുടെ ജീവിതത്തെയും ദർശനത്തെയും നാം 'മൗലികം' എന്ന് വിശേഷിപ്പിക്കുന്നത്.

വിശുദ്ധനായ ഇവാഗ്രിയോസ് (ആറാം നൂറ്റാണ്ട്) എഴുതി: "പ്രാർത്ഥിക്കുന്നവൻ ആരോ അവനാകുന്നു ദൈവശാസ്ത്രജ്ഞൻ. ദൈവശാസ്ത്രജ്ഞൻ ആരോ അവൻ പ്രാർത്ഥിക്കുന്നവനാകുന്നു." പൗരസ്ത്യ പാരമ്പര്യം സ്വീകരിച്ച ഈ ലളിത നിർവ്വചനം പരുമല തിരുമേനി അക്ഷരംപ്രതി തന്റെ ജീവിതത്തിൽ അന്വർത്ഥമാക്കി.

ആദ്ധ്യാത്മികതയുടെ പൊരുളറിഞ്ഞ പുണ്യപുരുഷൻ

അസ്തമിച്ചുകഴിഞ്ഞ ഇരുപതാം നൂറ്റാണ്ടിന്റെ ചുരുൾ നിവർത്തിയാൽ ഇരുട്ടോ വെളിച്ചമോ ഏതാണ് പരക്കുക എന്ന് സംശയിക്കുന്നവർ നിരവധി.

ഒരുവശത്ത് ലോകമഹായുദ്ധങ്ങളുടെയും ദാരുണമായ വംശഹത്യകളുടെയും അനീതിയുടെയും ദാരിദ്ര്യത്തിന്റെയും ഇരുണ്ട ഭയാനകമായ നിഴലുകൾ. മറുവശത്ത് ശാസ്ത്ര സാങ്കേതികവിദ്യയുടെയും സാമ്പത്തിക നേട്ടങ്ങളുടെയും വിഭ്രമാത്മകമായ തിളക്കം.

ഈ വിരുദ്ധ ധ്രുവങ്ങൾക്കിടയിൽപ്പെട്ട് നട്ടംതിരിയുന്ന മനുഷ്യരാണ് ഭൂരിപക്ഷവും. അവരിൽ മിക്കവരും തേടുന്നത് മറ്റൊരു പ്രകാശമാണ്. കണ്ണഞ്ചിപ്പിക്കാത്ത, വിനയാന്വിതമായ, വിശുദ്ധിയുടെയും പ്രത്യാശയുടെയും കാരുണ്യം പൊഴിക്കുന്ന തേജോരൂപികളായി നിലകൊള്ളുന്ന മനുഷ്യർ. അവരെയാണ് ലോകത്തിനാവശ്യം.

പരുമല തിരുമേനി അങ്ങനെയൊരു പ്രകാശ സ്രോതസ്സാണ്. ഈ നൂറ്റാണ്ടിന്റെ ചൈതന്യധാരകളിലൊന്നായി ആ വിശുദ്ധൻ നമുക്ക് സന്തോഷവും സൗഖ്യവും നല്കുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ജീവിച്ച് ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യവർഷങ്ങളിലൊന്നിൽ (1902) കാലംചെയ്ത പരുമല ഗ്രിഗോറിയോസ് തിരുമേനി എങ്ങനെ ജനഹൃദയങ്ങളിൽ നിറഞ്ഞ പ്രകാശസ്തംഭമായി മാറി എന്ന് വാക്കുകളിൽ വ്യക്തമാക്കുക എളുപ്പമല്ല. ജനലക്ഷങ്ങളുടെ അനുഭവസാക്ഷ്യങ്ങൾ വാക്കുകൾക്കതീതമാണ്.

മുളന്തുരുത്തിയിൽ ചാത്തുരുത്തി തറവാട്ടിൽ 1848-ൽ ജനിച്ച ഒരു സാധാരണ ശിശു. ആത്മീയ സംസ്കാരത്തിന്റെ വേരുകൾ കണ്ടെത്തിയത് തന്റെ നാഥനായ ക്രിസ്തുവിനെ പിന്തുടർന്നാണ്. സന്യാസത്തിന്റെ തപശ്ചര്യകളിൽ ആകൃഷ്ടനായ ബാലൻ പ്രാർത്ഥനയുടെയും തപോനിഷ്ഠകളുടെയും മുള്ളുനിറഞ്ഞ പാതകളിൽ അഭിരമിച്ചു. ഒരപൂർവ്വസംഭവം കണക്കെ, ഇരുപത്തിയൊമ്പതാം വയസ്സിൽ മലങ്കര ഓർത്തഡോക്സ് സഭ അദ്ദേഹത്തെ മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്തു. ജീവിച്ചിരിക്കെത്തന്നെ വിശുദ്ധനായി കരുതപ്പെട്ട ആ പുണ്യപുരുഷൻ അമ്പത്തിനാലാം വയസ്സിൽ തിരോധാനം ചെയ്തു.

പൗരസ്ത്യ ഓർത്തഡോക്സ് പാരമ്പര്യത്തിൽ, ഒരു വ്യക്തിയെ വിശുദ്ധനോ, വിശുദ്ധയോ ആയി പ്രഖ്യാപിക്കുക പതിവുള്ളതല്ല. റോമൻ (canonization)കത്തോലിക്കാ സഭയിൽ ഇങ്ങനെ ചെയ്യാറുണ്ട്. അതിന് വിപുലവും ദീർഘവുമായ നടപടിക്രമങ്ങളുമുണ്ട്.

രണ്ടു പാരമ്പര്യങ്ങളിലും ജനങ്ങളുടെ അംഗീകാരവും സമ്മതവുമാണ് അടിസ്ഥാന ഘടകം. പൗരസ്ത്യ പാരമ്പര്യത്തിൽനിന്ന് വ്യതിചലിച്ചാണെങ്കിലും പരുമല തിരുമേനിയെ മലങ്കരസഭ വിശുദ്ധനായി പ്രഖ്യാപിച്ചത്, അദ്ദേഹത്തിന്റെ പാവനമായ വ്യക്തിത്വത്തിന് സാധാരണ ജനങ്ങൾ നല്കിയിരുന്ന ആഴമായ ആദരവിനെ പരിഗണിച്ചായിരുന്നു.

യഥാർത്ഥ വിശുദ്ധി സുഗന്ധവാഹിയായ ഒരു പുഷ്പത്തെപ്പോലെയാണ്. പൂവ് സ്വാഭാവികമായ അതിന്റെ പരിമളം പരത്തുന്നു. അത് അനുഭവിക്കുന്നവർ അതിനെ അംഗീകരിക്കുന്നു. ഔദ്യോഗികമായ പ്രഖ്യാപനം ജനങ്ങളുടെ സ്വാഭാവികമായ അംഗീകാരത്തിന്മേൽ ചാർത്തുന്ന ഒരു മുദ്രമാത്രം. പൊതുവായി അംഗീകരിക്കപ്പെട്ട വിശുദ്ധ വ്യക്തികളുടെ നാമത്തിലേ പള്ളികൾ പണിയാനും പരസ്യാരാധനയിൽ മധ്യസ്ഥ പ്രാർത്ഥന നടത്താനും അനുവാദമുള്ളൂ. അതേസമയം, അറിയപ്പെടാത്ത നിരവധി വിശുദ്ധർ വൈദികരുടെയും അവൈദികരുടെയും ഇടയിലുണ്ടായിട്ടുണ്ട് എന്ന സത്യവും സഭ വിസ്മരിക്കുന്നില്ല. എന്തായിരുന്നു പരുമല തിരുമേനിയുടെ ആദ്ധ്യാത്മിക സാധനയുടെ അടിസ്ഥാനം? ഒരർത്ഥത്തിൽ വളരെ ലളിതമാണത്: നിരന്തരമായ പ്രാർത്ഥന, നോമ്പ്, ഉപവാസം, മനുഷ്യസ്നേഹം. തപസാണിത്. ആത്മശരീര മനസ്സുകളുടെ കർശനമായ ശിക്ഷണത്തിൽ ഊന്നിയ തപസ്സ്.

ഭാരതീയ ഹൈന്ദവ-ബൗദ്ധ-ജൈന മതങ്ങളുടെ ആദ്ധ്യാത്മിക സംസ്കാരം സവിശേഷ പ്രാധാന്യം നല്കുന്ന ആത്മസംയമനവും ആത്മശിക്ഷണവും പൗരസ്ത്യ ഓർത്തഡോക്സ് ആദ്ധ്യാത്മികതയിലും സുപ്രധാനമാണ്. പരുമല തിരുമേനിയും അദ്ദേഹത്തെപ്പോലുള്ള നിരവധി പൗരസ്ത്യ ക്രിസ്തീയ യോഗികളും ആത്മിക സമരത്തിൽ ഉപയോഗിച്ച ആയുധങ്ങൾ മറ്റൊന്നുമല്ല.

ആചാര്യൻ, ഗുരു, ഇടയൻ, യോഗി, സാമൂഹിക പരിഷ്കർത്താവ് എന്നീ നിലകളിലെല്ലാം ജ്വലിച്ചുനിന്ന പരുമല തിരുമേനിയുടെ ആദ്ധ്യാത്മിക പ്രതിഭയ്ക്ക് അടിവരയിട്ടത് ത്യാഗപൂർണ്ണമായ ആത്മശിക്ഷണവും സമസൃഷ്ടങ്ങളെക്കുറിച്ചുള്ള കരുണാപൂർവ്വമായ കരുതലുമാണ്.

ക്രിസ്തീയ പാരമ്പര്യത്തിൽ തപസനുഷ്ഠാനം ശരീരനിഷേധിയോ ലോകവിരോധിയോ അല്ല. ഈശ്വരൻ സൃഷ്ടിച്ചതെല്ലാം തന്റെ അപ്രമേയമായ സ്നേഹത്തിൽനിന്നും ഇച്ഛയിൽനിന്നും ഉളവായതിനാൽ, സകല സൃഷ്ടിയും ദൈവതേജസിനെ സംവഹിക്കുന്നുവെന്ന് ഓർത്തഡോക്സ് ചിന്ത പഠിപ്പിക്കുന്നു. മനുഷ്യൻ സവിശേഷമായ അർത്ഥത്തിൽ ഈശ്വരസ്വരൂപം, അതായത് സ്വാതന്ത്ര്യം, സർഗാത്മകത, സ്നേഹക്ഷമത തുടങ്ങിയവ വഹിക്കുന്നു. പൂർണ്ണമനുഷ്യനായിത്തീർന്ന ദൈവപുത്രന്റെ അവതാരത്തിലൂടെ മനുഷ്യരെയും അവരിലൂടെ സകല സൃഷ്ടിയെയും ഈശ്വരൻ തന്റെ സ്വഭാവത്തിൽ പങ്കാളികളാകാൻ ക്ഷണിക്കുന്നു.

ഈ അടിസ്ഥാന തത്വങ്ങളാണ് ക്രിസ്തീയാദ്ധ്യാത്മികതയ്ക്കും ആത്മശിക്ഷണത്തിനും നിയാമകമായിത്തീർന്നത്. ശരീരത്തെയും മറ്റു സൃഷ്ടിയെയും നശിപ്പിക്കാതെ, അവയെ നിരന്തരമായ ഈശ്വരാഭിമുഖ്യം മൂലം ഈശ്വരമയമാക്കി, തേജോപൂർണ്ണമാക്കി, സ്നേഹാർദ്രമാക്കി മാറ്റുക എന്നതാണിവിടെ ലക്ഷ്യം.

ഈയർത്ഥത്തിൽ പരുമല തിരുമേനി ത്യാഗിയും യോഗിയുമാണ്. സന്യാസത്തിന്റെയും തപസിന്റെയും അന്തിമലക്ഷ്യം അതിരുകളില്ലാത്ത മനുഷ്യസ്നേഹവും ആർദ്രമായ കരുണയുമാണെന്ന് അദ്ദേഹം മനസ്സിലാക്കുകയും സ്വന്ത ജീവിതത്തിൽ ദൈവീകരണത്തിന്റെ നിരവധി പടികൾ ചവിട്ടിക്കയറുകയും ചെയ്തു.

വിശുദ്ധിയുടെ വരം ലഭിച്ചവർ ക്രിസ്തുവിനെപ്പോലെ മറ്റുള്ളവരുടെ വേദനകൾ ഏറ്റുവാങ്ങുന്നു. സകല മനുഷ്യർക്കുംവേണ്ടി നിരന്തരമായി പ്രാർത്ഥിക്കുന്നു. സ്വന്തം കുറവുകളെക്കുറിച്ച് നിത്യം അനുതപിച്ച് കണ്ണീരൊഴുക്കുന്നു. ഈശ്വരോന്മുഖമായ അവരുടെ ജീവിതം ക്രിസ്തുവിനെപ്പോലെ ത്യാഗപൂർണമാകുന്നു. പരുമല തിരുമേനി വിശുദ്ധിയുടെ വരം പ്രാപിച്ചയാളാണ്. അദ്ദേഹത്തിന്റെ ശക്തമായ പ്രാർത്ഥനയും സർവംസഹമായ നന്മയുമാണ് ഇന്നും 'ലക്ഷോപലക്ഷങ്ങളെ' ആകർഷിക്കുന്നത്.

പരുമല തിരുമേനി അനുഷ്ഠിച്ച ആത്മിക സാധനയും കൈവരിച്ച സിദ്ധിയും ഉപിപ്ലവങ്ങളല്ല. കുറേ മന്ത്രവും ഏറെ തന്ത്രവും ഉപയോഗിച്ച് സാധാരണ ജനങ്ങളെ വശീകരിക്കുന്ന ആധുനിക ഗുരുക്കന്മാരെ നാം കാണാറുണ്ട്. ഭാരതത്തിൽ നമുക്കെല്ലാം സമാരാധ്യമായ 'ഗുരു' എന്ന വാക്ക് ഇന്ന് പാശ്ചാത്യ രാജ്യങ്ങളിൽ പരിഹാസ്യമോ സന്ദിഗ്ദ്ധമോ ആണ്. കാരണം, അടുത്തകാലത്ത് മുളച്ചുവന്ന, മാദ്ധ്യമങ്ങളിൽ പുളകംസൃഷ്ടിക്കുന്ന മഹർഷിമാരും യോഗികളും ഗുരുക്കന്മാരും തന്നെ. അവരുടെ ശ്രദ്ധ പരസ്യത്തിലും പണത്തിലും പ്രശസ്തിയിലുമാണ്. അവർ മിക്കവരും ത്യാഗികളല്ല, ഭോഗികളാണ്. ഇന്ദ്രിയസംയമനമല്ല ഇന്ദ്രിയ സുഖമാണവർ ഉപദേശിക്കുന്ന മാർഗം. മൂല്യബോധം നഷ്ടപ്പെട്ട പല സമ്പന്നരാജ്യങ്ങളിലും മാറിമാറി വീശുന്ന കാറ്റുകൾക്കനുസരിച്ച് അവർ ആദ്ധ്യാത്മിക നൗകയെ തിരിച്ചുവിടുന്നു. അതിശ്രേഷ്ഠമായ ഭാരതീയ യൗഗിക പാരമ്പര്യങ്ങൾക്ക് കളങ്കം ചേർക്കുന്നവരാണ് അവരിൽ പലരും.

ഇവിടെയാണ് പരുമല തിരുമേനിയുടേതുപോലെ നിശബ്ദവും ലളിതവും എന്നാൽ ആഴമേറിയതുമായ ആദ്ധ്യാത്മികതയിലേക്ക് നാം തിരിയേണ്ടത്. മണ്ണിൽ മറഞ്ഞുകിടക്കുന്ന വിത്തുപോലെയാണത്. എല്ലാവർക്കും കാണാൻവിധത്തിൽ ഉപരിതലത്തിൽ കിടക്കുന്ന വിത്തുകൾ പക്ഷികൾ കൊത്തിയെടുത്തേക്കാം, വെയിലേറ്റ് വാടിയേക്കാം. വേരു മുളച്ചാൽത്തന്നെ മണ്ണിലേക്ക് ആഴ്ന്നിറങ്ങാനായില്ലെന്നുവരും. മണ്ണിനുള്ളിൽ മറയുമ്പോൾ മാത്രമേ ഈർപ്പവും ചൂടുമേറ്റ് അതിന് മുളയ്ക്കാനാകൂ.

യഥാർത്ഥ വിശുദ്ധന്മാർ തങ്ങളുടെ സിദ്ധികളെ ചെണ്ടകൊട്ടി ഉദ്ഘോഷിക്കാറില്ല. ക്രിസ്തീയ പാരമ്പര്യമനുസരിച്ച് സ്വയം വിളംബരം ചെയ്യുന്ന എല്ലാ നന്മകളും സംശയാസ്പദമാണ്. പരസ്യത്തിന്റെയും പ്രസ്താവനകളുടെയുമായികവെളിച്ചത്തിൽനിന്ന് യഥാർത്ഥ വിശുദ്ധർ ഓടിയൊളിക്കുന്നു. സ്വാർത്ഥതയെ നിഷേധിച്ച് ആത്മത്യാഗത്തിന്റെ മണ്ണിൽ അവർ സ്വയം സംസ്കരിക്കുന്നു, ഇല്ലാതാകുന്നു. അവിടെ പിന്നീട് മുളച്ച് വളരുന്ന ശ്രേഷ്ഠമായ വൃക്ഷങ്ങളാണ് മനുഷ്യരാശിക്ക് കാരുണ്യത്തിന്റെ ഫലങ്ങൾ വർഷിച്ച് സ്ഥലകാലങ്ങളെ അതിശയിച്ച്, ആദ്ധ്യാത്മിക സംസ്കാരത്തിന്റെ തണൽവിരിക്കുന്നത്. ഗോതമ്പുമണി നിലത്തുവീണ് ചാകുന്നില്ല എങ്കിൽ അതിന് ജീവനെ ഉത്പാദിപ്പിക്കാൻ കഴിയുകയില്ല എന്ന ക്രിസ്തുവചനം ഇവിടെ അർത്ഥവത്താകുന്നു. 'തന്റെ ജീവനെ നേടുന്നവൻ അതിനെ നഷ്ടപ്പെടുത്തും; ജീവനെ നഷ്ടപ്പെടുത്തുന്നവൻ അതിനെ നേടും' എന്ന വിരുദ്ധോക്തി ക്രിസ്തീയ സുവിശേഷത്തിന്റെ കാതലാണ്. പരുമലതിരുമേനിയെപ്പോലെ, ക്രിസ്തുവിന്റെ സ്നേഹിതരായിത്തീർന്ന ശിഷ്യന്മാർ

(ശേഷം 5-ാം പേജിൽ)

എം. പി. വിജയന്റെ കുടുംബത്തെ സഹായിക്കുക

പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുമായുള്ള അടുപ്പം മൂലം അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ വരെ (*പ്രകാശത്തിലേയ്ക്ക് ഒരു തീർത്ഥയാത്ര*) പരാമർശിക്കപ്പെട്ട എം. പി. വിജയൻ എന്ന അന്ധനെയും അദ്ദേഹത്തിന്റെ രോഗികളായ ഭാര്യയെയും മക്കളെയും 'നസ്രാണി' വായനക്കാർക്കായി പരിചയപ്പെടുത്തുന്നു.

മെത്രാപ്പോലീത്താ വിജയന് എഴുതിയ ആദ്യകത്ത് പൗലോസ് മാർ ഗ്രീഗോറിയോസ് ഇൻഫോയിൽ കത്തുകളുടെ വിഭാഗത്തിൽ ലഭ്യമാണ്. അസാധാരണമായ ഒരു ബന്ധമായിരുന്നു മാർ ഗ്രീഗോറിയോസും ഈ പാവപ്പെട്ട തലശ്ശേരിക്കാരനുമായുണ്ടായിരുന്നത്. മെത്രാപ്പോലീത്താ വർഷത്തിൽ രണ്ടു മൂന്നു തവണയെങ്കിലും വിജയന് പണം അയച്ചുകൊടുക്കുമായിരുന്നു. മെത്രാപ്പോലീത്തായുടെ കാലശേഷം, കഴിഞ്ഞവർഷം ഭാര്യയുടെ അസുഖത്തിന് ചികിത്സിക്കാൻ കാശില്ലാതെ വലഞ്ഞപ്പോൾ അദ്ദേഹം ഒരു സഹായിയെയും കൂട്ടി കോട്ടയത്തെത്തിയിട്ട് വണ്ടിക്കൂലി പോലും ലഭിക്കാതെ പിരിവെടുത്ത് തിരികെ പോകേണ്ടിവന്നു എന്നത് ഞങ്ങളെ നാണം കെടുത്തുന്നു.

ഇത് വായിക്കുന്നവരിലാർക്കെങ്കിലും, എപ്പോഴെങ്കിലും ദരിദ്രരെ സഹായിക്കാൻ ഉൾവിളി വരുമ്പോൾ ഈ മനുഷ്യന്റെ കുടുംബത്തെ ഓർക്കുവാൻ ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

- പത്രാധിപർ

വിലാസം: എം. പി. വിജയൻ, സ്നേഹാലയം, കൈരളി വായനശാലയ്ക്കു സമീപം, എടക്കാട്ട് പി. ഒ. കേരളം, Pin- 670663

പരിശുദ്ധിയുടെ പരിമളം

(നാലാം പേജിൽ നിന്നും)

പിൻപറ്റുന്ന മാർഗമിതാണ്.

അത്ഭുതങ്ങളുടെ പരിവേഷത്തിലാണ് പരുമല തിരുമേനിയെയും ആ വിശുദ്ധന്റെ സിദ്ധികളെയും ജനങ്ങൾ പലപ്പോഴും കാണുന്നത്. ഇത് പൂർണമായും തെറ്റാണെന്ന് പറഞ്ഞുകൂടാ. എങ്കിലും പൗരസ്ത്യ ഓർത്തഡോക്സ് പാരമ്പര്യത്തിൽ, അത്ഭുത സിദ്ധികളല്ല വിശുദ്ധിയുടെ അടിസ്ഥാനം എന്ന് എടുത്തുപറയേണ്ടിയിരിക്കുന്നു.

പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ 'സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം' എന്നിവയാണെന്ന് വിശുദ്ധ പൗലോസ് അപ്പോസ്തോലൻ പറയുന്നു. ശ്രേഷ്ഠ വരങ്ങളായി അദ്ദേഹം കാണിച്ചുതരുന്നത് വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയാണ്. അതിൽത്തന്നെ സ്നേഹത്തെ അതിശ്രേഷ്ഠമായ വരമെന്ന് അദ്ദേഹം വിശേഷിപ്പിക്കുന്നു.

ഇപ്പറഞ്ഞതൊക്കെയാണ് യഥാർത്ഥ വിശുദ്ധിയുടെ അളവുകോലായി ഓർത്തഡോക്സ് പാരമ്പര്യം കാണുന്നത്.

തീർച്ചയായും ക്രിസ്താനുരൂപികളായ വിശുദ്ധന്മാർക്ക് രോഗശാന്തിക്കും മറ്റുമുള്ള വരങ്ങൾ ലഭിക്കാം. ജനങ്ങളുടെ നന്മയ്ക്കുവേണ്ടിയും സഭയുടെ കെട്ടുപണിക്കുവേണ്ടിയും മാത്രം അങ്ങനെയുള്ള വരങ്ങളെ അവർ ഉപയോഗിക്കും. ഒരിക്കലും സ്വന്ത കാര്യലാഭത്തിനോ ജനങ്ങളെ വശീകരിക്കുന്നതിനോ അത്തരം വരങ്ങളെ പരിശുദ്ധ വ്യക്തികൾ ഉപയോഗിക്കുകയില്ല. മാത്രവുമല്ല, ഇത്തരം സിദ്ധികളിലല്ല, വിനയത്തിലും ആത്മത്യാഗത്തിലും കഠിനമായ ആത്മശിക്ഷണത്തിലുമാണ് അവർ ആത്മാവിന്റെ ഫലങ്ങളെ തേടുന്നത്.

ക്രിസ്തുവിന്റെ ജീവനുള്ള ശരീരത്തിൽ അംഗമായിരുന്ന പരുമലതിരുമേനിയെപ്പോലുള്ള വിശുദ്ധർ നിരന്തരം ലോകത്തിനുവേണ്ടി പ്രാർത്ഥിക്കുന്നു. ക്രിസ്തുവാകുന്ന ഏക മഹാ പുരോഹിതന്റെ പൗരോഹിത്യ ധർമ്മത്തിൽ പങ്കുചേർന്ന് വിശുദ്ധരായ വ്യക്തികൾ സർവസൃഷ്ടിയെയും ദൈവസന്നിധിയിലേക്ക് ഉയർത്തുന്നു. ഇവിടെ ആയുസും മരണവും പ്രശ്നമല്ല. ക്രിസ്തുവിൽ നിത്യമായി ജീവിക്കുന്നവർ പരസ്പരം പ്രാർത്ഥിക്കുകയും എല്ലാ മനുഷ്യരോടും ജീവജാലങ്ങളോടും കാരുണ്യം കാട്ടുകയും ചെയ്യുന്നു. ദൈവസന്നിധിയിൽ പ്രിയങ്കരരായ ഇവരുടെ നിത്യമായ പ്രാർത്ഥന ഇവിടെ ജീവിക്കുന്ന മനുഷ്യർക്ക് ശരണവും ആശ്വാസത്തിന് ഉറവിടവുമാകുന്നു. 'ലോകാ സമസ്താ സുഖിനോ ഭവന്തു'–സർവലോകത്തിനും സന്തോഷം കൈവരട്ടെയെന്നാണ് പരുമലതിരുമേനിയും വിശുദ്ധന്മാരുടെ സർവസംഘവും പ്രാർത്ഥിക്കുന്നത്.

സന്യാസവും പൗരോഹിത്യവും

പരുമല തിരുമേനി ഒരു വലിയ പാരമ്പര്യത്തിനുടമയാണ്. ആ പാരമ്പര്യം, സന്യാസവും മേല്പട്ടസ്ഥാനവും ഒരുമിച്ച് കൊണ്ടുപോയി എന്നതാണ്. ഇന്നും നമ്മുടെ സഭയിൽ അത് നിലനില്ക്കുന്നുണ്ടെന്ന് നിങ്ങൾക്കറിയാം. മേല്പട്ടക്കാരെ തിരഞ്ഞെടുക്കുന്നത് സന്യാസിമാരിൽനിന്നാണ്. അല്ലെങ്കിൽ മേല്പട്ടക്കാർ സന്യാസിമാരായിരിക്കണമെന്നാണ് നമ്മുടെ സഭാപാരമ്പര്യം നിഷ്കർഷിക്കുന്നത്. അതുകൊണ്ട് സന്യാസിയല്ലാത്ത അവിവാഹിത പട്ടക്കാരനെ മേല്പട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുത്താൽ അദ്ദേഹത്തെ റമ്പാനാക്കിയിട്ടാണ് എപ്പിസ്കോപ്പാപട്ടം നല്കുന്നത്. എപ്പിസ്കോപ്പാ ധരിക്കുന്ന ശിരോവസ്ത്രം (മസനപ്സാ) സന്യാസിയുടെ വേഷത്തിന്റെ ഭാഗമാണ്, മെത്രാപ്പോലീത്തായുടേതല്ല.

പാശ്ചാത്യസഭയിൽ, മേല്പട്ടക്കാരെ തെരഞ്ഞെടുക്കുന്നത് സന്യാസിമാരിൽനിന്നായിരിക്കണം എന്ന് നിർബന്ധമില്ല. കത്തോലിക്കാ സഭയിൽ എല്ലാ വൈദികരും അവിവാഹിതരാണല്ലോ. എന്നാൽ എല്ലാവരും സന്യാസ മൂഹത്തിൽ അംഗങ്ങളല്ല. ഗ്രീക്ക് ഓർത്തഡോക്സ് (ബിസന്റയിൻ) പാരമ്പര്യത്തിലും മേല്പട്ടക്കാരെ സന്യാസിമാരിൽനിന്നും തെരഞ്ഞെടുക്കുകയോ, മേല്പട്ടക്കാരാകാൻ വിളിക്കുന്നവർക്ക് സന്യാസസ്ഥാനം (ആർച്ചമാൻ ഡ്രൈറ്റ്) നല്കുകയോ ചെയ്യുന്നു. റഷ്യൻ ഓർത്തഡോക്സ് സഭയിലും മറ്റും വിഭാര്യരായിത്തീർന്നവരും മറ്റുതരത്തിൽ യോഗ്യരും സർവസമ്മതരായവരുമായ വൈദികരെ സന്യാസജീവിതത്തിൽ പ്രവേശിപ്പിച്ച് മേല്പട്ടസ്ഥാനം നല്കുന്ന രീതി ഇപ്പോഴും നിലവിലുണ്ട്.

ഏതാണ്ട് 5-ാം നൂറ്റാണ്ടോടുകൂടി സന്യാസിമാരിൽനിന്ന് മേല്പട്ടക്കാരെ തെരഞ്ഞെടുക്കുവാൻ തുടങ്ങിയ കാലഘട്ടം മുതൽ ഇന്നയോളം പൗരസ്ത്യസഭയിൽ അത് അഭംഗുരം പാലിക്കപ്പെട്ടിട്ടുണ്ട്. പാശ്ചാത്യസഭയിൽ അത് നിർബന്ധമില്ല എന്ന് പറഞ്ഞല്ലോ. അതു പുരാതന സഭയുടെ പാരമ്പര്യമാണ്. കാനോനികമായിട്ടും വേദശാസ്ത്രപരമായിട്ടും നമ്മുടെ പാരമ്പര്യത്തിൽ ഇപ്പോഴും സന്യാസവും വൈദികവൃത്തിയും രണ്ടാണ്. അത് ഒരുമിച്ച് ചേർക്കണമെന്ന് നിർബന്ധമില്ല. വൈദികർ സന്യാസികൾ ആയിരിക്കണമെന്നോ, സന്യാസികൾ വൈദികർ ആയിരിക്കണമെന്നോ നമ്മുടെ കാനോനാകൾ നിഷ്കർഷിക്കുന്നില്ല. ഇപ്പോഴും പാശ്ചാത്യസഭയിൽ ചില സന്യാസസമൂഹങ്ങളിൽ അംഗങ്ങളായവർക്ക് വൈദികരാകാനോ മേല്പട്ടക്കാരനാകാനോ അനുവാദം കൊടുത്തിട്ടില്ല. അവർ 'സഹോദരന്മാരാ'യിട്ട് (Lay brothers) അവരുടെ സന്യാസജീവിതം നയിക്കുന്നു. പൗരസ്ത്യപാരമ്പര്യത്തിലും അങ്ങനെയായിരുന്നു. അന്തോണിയോസ് എന്ന വലിയ വിശുദ്ധനെയാണ് സന്യാസപ്രസ്ഥാനത്തിന്റെ തലതൊട്ടപ്പനായിട്ട് നാം കാണുന്നത്. അദ്ദേഹമൊരു അവൈദികനായിരുന്നു. അന്ന് അലക്സാന്ത്രിയായിലെ വൈദികശ്രേണിയിൽ അദ്ദേഹത്തിന് ചേരാമായിരുന്നു. പക്ഷേ, അദ്ദേഹം അതിന് പോയില്ല. അന്തോണിയോസിന്റെ ശിഷ്യന്മാരായി, വൈദികപദവി ആഗ്രഹിക്കാതെ, സാധാരണ ക്രിസ്ത്യാനികളായിരുന്നുകൊണ്ട് പ്രാർത്ഥനാജീവിതത്തിലൂടെ, സ്നേഹനിർഭരമായ ദൈവാരാധനയിലൂടെ, തങ്ങളുടെ ജീവിതത്തെ സാക്ഷാത്കരിക്കുന്നതിനും, ആ സ്നേഹം മറ്റുള്ളവർക്ക് പകർന്നുകൊടുക്കുന്നതിനും ആയിരക്കണക്കിന് ആളുകൾ ശ്രമിച്ചിട്ടുണ്ട്; ഇപ്പോഴും പലരും ശ്രമിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, നമ്മുടെ പാരമ്പര്യത്തിലും പാശ്ചാത്യപാരമ്പര്യത്തിലും വൈദികവൃത്തിയും സന്യാസവൃത്തിയും രണ്ടും രണ്ടായിട്ടാണ് കാണുന്നത് എന്ന്.

എന്നാൽ സ്വാഗതാർഹമെന്ന് കരുതാവുന്ന ഒരു മാറ്റം പാശ്ചാത്യപാരമ്പര്യത്തിൽ വന്നു. അത് സന്യാസിമാരിൽനിന്ന് മേല്പട്ടക്കാരെ തെരഞ്ഞെടുക്കുക എന്നുള്ളതാണ്. അതാണ് ഇപ്പോഴും നമ്മൾ തുടരുന്നത്. അതുകൊണ്ടുണ്ടായിരുന്ന ഒരു വലിയ പ്രയോജനം, മേല്പട്ടക്കാരൻ ഭരണകർത്താവായി, അതായത് ലൗകിക ഭരണാധികാരികളെപ്പോലെ കിരീടവും ചെങ്കോലും വഹിക്കുന്ന ഭരണാധികാരിയായി മാത്രം ഇരിക്കാതെ, ജനങ്ങളുടെ ശ്രേഷ്ഠനായ ഇടയനും ഋഷിയും ഗുരുവും ആചാര്യനുമായി മാറി എന്നുള്ളതാണ്. പരുമല തിരുമേനിയോട് ബന്ധപ്പെടുത്തി ഇത് പറയുന്നതിന്റെ പ്രധാനപ്പെട്ട കാരണം, പരുമല തിരുമേനി ആ മാതൃക അഭംഗുരം, ആക്ഷരികമായി പാലിച്ച ആളായിരുന്നു എന്നതുകൊണ്ടാണ്. അദ്ദേഹത്തിന്റെ ശിഷ്യന്മാരും അത് പഠിപ്പിക്കുകയുണ്ടായി. കാലം ചെയ്ത ഗീവർഗീസ് ദിതീയൻ ബാവാ തിരുമേനി അദ്ദേഹത്തിന്റെ ശിഷ്യനായിരുന്നുവെന്ന് നിങ്ങൾക്കറിയാം. ആ തിരുമേനി പഠിപ്പിച്ചവരിലും, ആ തിരുമേനിയെ മാതൃകയാക്കിയവരിലും എല്ലാം ആ വലിയ പാരമ്പര്യത്തിന്റെ അംശങ്ങൾ സജീവമായിട്ട് നിലനില്ക്കുന്നു. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് അത് സ്വാഗതാർഹമായ ഒരു മാറ്റമായിട്ട് പൗരസ്ത്യസഭ സ്വീകരിക്കുന്നു എന്ന്.

എന്നാൽ മറുവശംകൂടി നാം ചിന്തിക്കേണ്ടതാണ്. വൈദികസ്ഥാനം ലഭിക്കാൻവേണ്ടി പണിപ്പെടുന്ന ആളുകളും നമ്മുടെ സഭയിലുണ്ട്. യാതൊരുതരത്തിലുള്ള യോഗ്യതകളുമില്ലെങ്കിലും വൈദികസ്ഥാനത്തിനുവേണ്ടിയും, മേല്പട്ടസ്ഥാനത്തിനുവേണ്ടിയും ആഗ്രഹിക്കുന്ന ആളുകളും സഭയിലുണ്ട്. അതുകൊണ്ട് ആ പുരാതനമായ ആദർശം, അതായത് വൈദികസ്ഥാനവും സന്യാസവും വെവ്വേറെയാക്കുന്ന രീതികൂടി നാം ഓർത്തിരിക്കേണ്ടതാണ്. വൈദികസ്ഥാനവും സന്യാസജീവിതവും രണ്ടാണ്. സന്യാസജീവിതം തുടക്കത്തിൽ വ്യക്തിപരമായ തീരുമാനവും വിളിയുമാണ്. അത് മറ്റാരുടെയും നിർബന്ധംകൊണ്ട് ഒരാൾ സ്വീകരിക്കുന്നതല്ല. നേരേ മറിച്ച് ഒരു വ്യക്തിയുടെ ഉള്ളിൽ പരിശുദ്ധാത്മാവ് പ്രവർത്തിച്ച് സന്യാസജീവിതത്തെക്കുറിച്ച് വിളി നല്കുന്നു. അത് എല്ലാവർക്കും–സ്ത്രീകൾക്കും പുരുഷന്മാർക്കും–ലഭ്യമായ ദൈവവിളിയാണ്. സഭ അത് പ്രോത്സാഹിപ്പിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ ഒരാൾ വൈദികസ്ഥാനവും മേല്പട്ടസ്ഥാനവും ഏല്ക്കണമെങ്കിൽ അയാൾക്ക് മാത്രം തോന്നിയാൽ പോരാ. എനിക്ക് മേല്പട്ടക്കാരനാകണമെന്ന് തോന്നിയാൽ ഞാൻ മേല്പട്ടക്കാരനാകുകയില്ല. നേരേ മറിച്ച് സഭ എന്നെ തിരഞ്ഞെടുത്ത് വിളിക്കണം. എനിക്ക് ആഗ്രഹം ഇല്ലെങ്കിൽകൂടിയും ഞാൻ മറ്റുതരത്തിൽ യോഗ്യനാണെങ്കിൽ എന്നെ നിർബന്ധിച്ച് പട്ടക്കാരനോ മേല്പട്ടക്കാരനോ ആക്കാനുള്ള അവകാശം സഭയ്ക്കുണ്ട്; സഭാചരിത്രത്തിൽ, അങ്ങനെ സർവസമ്മതരായ വ്യക്തികളെ നിർബന്ധപൂർവം വൈദികസ്ഥാനങ്ങളിലേക്ക് വിളിച്ച സംഭവങ്ങളുണ്ട്. സ്വയം നാമനിർദ്ദേശം നല്കിയും സ്വാധീനം ഉപയോഗിച്ചും ഉന്നത വൈദികസ്ഥാനങ്ങളിലേക്ക് വരുന്നവരെക്കാൾ ശ്രേഷ്ഠമായ ശുശ്രൂഷ അങ്ങനെയുള്ളവർ നിർവഹിച്ചിട്ടുണ്ട്.

തീർത്ഥവും തീർത്ഥാടനവും

പരുമലപ്പള്ളി ഇരിക്കുന്ന സ്ഥലം ഒരു തരത്തിൽ പറഞ്ഞാൽ ഒരു ദ്വീപാണ്. ആക്ഷരികമായിട്ടല്ല. എന്നാൽ ഇവിടെ നേരത്തേ വന്നുകൊണ്ടിരിക്കുന്ന ആളുകൾക്കെല്ലാമറിയാം, പരുമല കടവിൽ ഇറങ്ങി തോണിയിൽ കയറി നദി കടന്നു വേണം പരുമലപള്ളിയിലേക്ക് വരാൻ. ഇപ്പോൾ നല്ലൊരു പാലമുണ്ട്. പക്ഷേ, പാലമുണ്ടെങ്കിലും, പ്രായമുള്ളവരുടെ മനസ്സിൽ പരുമല കടവ് നിലനില്ക്കുന്നു. ഞാൻതന്നെ വൈദികസെമിനാരിയിൽ വിദ്യാർത്ഥിയായിരുന്നപ്പോൾ ഇവിടെ പെരുന്നാളിനു വരുന്നത് ഈ കടവ് കടന്നാണ്. ഇപ്പോഴും എന്റെ ആദ്യത്തെ ഓർമ്മ പരുമല കടവെന്നുള്ളതാണ്.

'തീർത്ഥം' എന്ന സംസ്കൃതപദത്തിന്റെ മുഖ്യമായ അർത്ഥം കടവ് എന്നതാണ്. വെള്ളമുള്ള കടവിലേക്കുള്ള തീർത്ഥാടനമാകണമെങ്കിൽ ഈ കടവ് നമ്മൾ കടക്കണം, കടവ് കടന്ന് അക്കരെ ചെല്ലണം. ഭാരതീയ മതങ്ങളുടെ ആദ്ധ്യാത്മികതയിൽ നദികടന്ന് അക്കരെയെത്തുന്ന 'തീർത്ഥാടനം' രൂഢമൂലമാണ്. ലോകജീവിതമാകുന്ന ജല പ്രവാഹത്തെയാണ് നാം മുറിച്ചു കടക്കുന്നത്. ക്രിസ്തീയ പാരമ്പര്യത്തിലും, 'സമാധാന തുറമുഖത്ത്' നാം എത്തുന്നതിനെക്കുറിച്ച് ധാരാളം പറയുന്നുണ്ട്. ഓളങ്ങളും തിരമാലകളുമുള്ള സമുദ്രത്തെ കടന്നാണ് ഈ തുറമുഖത്ത് നാം എത്തുന്നത്. ഇപ്പോൾ പരുമല പാലമുണ്ടെങ്കിലും ആത്മീയമായി കടവു കടക്കുന്ന 'തീർത്ഥാടനം' നാം നിലനിർത്തണം.

പരുമല തിരുമേനി എന്തുകൊണ്ടാണീ സ്ഥലം തിരഞ്ഞെടുത്തതെന്ന് നമ്മൾ വല്ലപ്പോഴും ചിന്തിക്കേണ്ടതാണ്. ഇതിനേക്കാൾ പരിഷ്കൃതമായ സ്ഥലങ്ങൾ വേറെയുണ്ടായിരുന്നു. പട്ടണങ്ങളോട് അടുത്ത സ്ഥലങ്ങളുണ്ട്. അത് തിരഞ്ഞെടുത്തില്ല. കരിമ്പനക്കൂട്ടങ്ങൾ നിന്നിരുന്ന, വിജനമായ, ഏകാന്തമായ സ്ഥലമാണ് തിരുമേനി തിരഞ്ഞെടുത്തത്. പാമ്പാടി തിരുമേനി എന്തുകൊണ്ടാണ് പൊത്തമ്പുറം കുന്ന് തിരഞ്ഞെടുത്തതെന്ന് നമ്മൾ ചിന്തിക്കേണ്ടതാണ്. വിജനമായ ഒരു കാടാണ് തിരുമേനി തെരഞ്ഞെടുത്തത്. കാരണം, പാമ്പാടി തിരുമേനിയും പരുമല തിരുമേനിയുമെല്ലാം തന്നെ ആ പുരാതന സന്യാസജീവിതത്തിന്റെ, മഹർഷിമാരുടെ ജീവിതത്തിന്റെ പിൻതുടർച്ചക്കാരാണ് എന്നുള്ളതുകൊണ്ടാണ്, അവർ മെത്രാപ്പോലീത്തന്മാരായിരുന്നുവെങ്കിലും, അവർക്ക് കൂടുതൽ ആകർഷകമായി തോന്നിയത് സന്യാസജീവിതത്തിന്റെ ലാളിത്യവും പ്രാർത്ഥനാനിർഭരമായ അന്തരീക്ഷവുമായിരുന്നു. ഇന്ന് സഭ അവരെ ഭക്ത്യാദരപൂർവം ഓർക്കുന്നത് അവർ സഭയുടെ മേല്പട്ടക്കാരായിരുന്നു എന്നതുകൊണ്ട് മാത്രമല്ല, അതിലുപരി അവർ ആത്മനിറവുള്ള സന്യാസിശ്രേഷ്ഠന്മാരും സൗഖ്യദായകരും ആയിരുന്നു എന്നതുകൊണ്ടുകൂടിയാണ്.

അവർ ഒറ്റയ്ക്കു താമസിക്കുവാൻ വേണ്ടിയല്ല, ഏകാന്തത തേടിയത്; അവരുടെ ഏകാന്തതയിലൂടെ, നിശ്ശബ്ദതയിലൂടെ, സ്നേഹാർദ്രമായ പ്രാർത്ഥനയിലൂടെ ജീവന്റെ ഉറവകൾ ഒഴുകുന്നതിനുവേണ്ടിയായിരുന്നു. ഊഷരമായ ഭൂമിയെ ആർദ്രമാക്കുന്ന സ്നേഹവും സഹാനുഭൂതിയും അവരിൽനിന്ന് പ്രവഹിച്ചു. വൈദികർക്കും അവൈദികർക്കുമുള്ളത് ഈ ഒരേ ആത്മീയലക്ഷ്യം തന്നെയാണ്. പരുമല തിരുമേനി തന്റെ ജീവിതത്തിലൂടെ പൗരസ്ത്യ ഓർത്തഡോക്സ് സഭയുടെ ഈ ആത്മീയ ദർശനത്തെ സജീവമായി നിലനിർത്തി.

ശ്രേഷ്ഠന്റെ ശ്രേഷ്ഠതയാർന്ന രാഷ്ട്രീനയം

ഫീലിപ്പോസ് പോട്ടയ്ക്കാവേലിൽ

ഇന്ത്യയുടെ പരമോന്നത അധികാരസ്ഥാനത്തേയ്ക്ക് അന്നത്തെ ഭരണക്കാരായ ഹിന്ദുമത ഭൂരിപക്ഷ രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ തീരുമാനപ്രകാരം, കേരളത്തിലെ മതന്യൂനപക്ഷത്തിന്റെ മാണിക്യമായ രാജ്യതന്ത്രജ്ഞൻ ഡോ. പി. സി. അലക്സാണ്ടറെ ഇന്ത്യൻ പ്രസിഡണ്ടായി തെരഞ്ഞെടുക്കാൻ ശ്രമം നടന്നപ്പോൾ തന്റെ ശ്രേഷ്ഠതയാർന്ന വൈദീക മേലദ്ധ്യക്ഷപദവിക്കുതകുംവിധം കേരളത്തെ അന്നു പ്രതിനിധീകരിച്ച ഒരു കേന്ദ്രസഹമന്ത്രി മുഖേന ഇന്ത്യൻ ഓർത്ത ഡോക്സ് സഭയുടെയും കേരളത്തിന്റെയും, അതിലുപരി മതന്യൂനപക്ഷത്തിന്റെയും അവസരം നഷ്ടമാക്കാനും ഇന്ത്യയുടെ സ്പന്ദനം അറിഞ്ഞിരുന്ന കോൺഗ്രസ്സ് പാർട്ടിയുടെ സർവ്വസ്വമായിരുന്ന ശ്രീമതി ഇന്ദിരാഗാന്ധിയുടെ മനസാക്ഷി സൂക്ഷിപ്പുകാരനെ 'ഞങ്ങൾ അറിയില്ല' എന്ന വ്യാജേന പുറംതിരിഞ്ഞു നിന്ന കരുണാകർജി, ആന്റണിജി, ഉമ്മൻ ചാണ്ടിജി ഒക്കെ അന്നും ഇന്നും ശ്രേഷ്ഠ പിതാവിന്റെ ശ്രേഷ്ഠന്മാരായ നേതാക്കളായിരുന്നല്ലോ?

കേസ്സിൽ താൻ കക്ഷിയല്ലാത്തതിനാൽ സുപ്രീംകോടതി വിധി നടപ്പാക്കാൻ പറ്റില്ലെന്ന് ഉരചെയ്ത യു. ഡി. എഫ്. മുഖ്യനും, 'എനിക്കു കക്ഷിയും പക്ഷവും ഇല്ലെന്നു' പറഞ്ഞ അന്നത്തെ യു. ഡി. എഫ്. കൺവീനറും – ഇവരൊക്കെയും, കല്ലാപ്പാറ അച്ചന്റെയും ശ്രേഷ്ഠന്റെയും ശ്രേഷ്ഠന്മാരായ ആദർശ നേതാക്കളായിരുന്നല്ലോ?

നീതിയും ന്യായവും നടപ്പാക്കികിട്ടാനുള്ള കോലഞ്ചേരിയിലെ സഹനസമരം പൊളിച്ച് വടക്കൻ പ്രദേശത്ത് യു. ഡി. എഫ്. യാക്കോബായക്കാരുടെ കൈയ്യടി വാങ്ങി. പ. പരുമല തിരുമേനിയുടെ ശതാബ്ദി പരുമല കൊണ്ടാടിയപ്പോൾ വടക്ക് ഒരു തെങ്ങിൻതോപ്പിൽ 101 മേൽ കുർബ്ബാന നടത്തിയപ്പോഴും യു. ഡി. എഫ്. നേതാക്കൾക്ക് താല്പര്യം വടക്കത്തെ 101 ആയിരുന്നുവെന്ന് പത്രമാസികകൾ പിന്നോട്ട് മറിച്ചുനോക്കിയാൽ മനസ്സിലാകും.

തിരുവല്ലാ ബൈ ഇലക്ഷനിൽ വൈദീകരും, മേലദ്ധ്യക്ഷന്മാരും സമുദായങ്ങളും രാഷ്ട്രീയ പ്രശ്നങ്ങളിൽ ഇടപെടുന്നത് ക്രൈസ്തവമല്ല എന്ന് പ്രഖ്യാപിച്ച തോമസ് പ്രഥമനും ഫാ കല്ലാപ്പാറയും, ഈയിടെ ചിന്താഗതി മാറ്റി. പക്ഷേ തിരുവല്ലായിലെ മുൻ എം. എൽ. എ. പ്രഛന്നവേഷധാരിയായ ഒരാളെ സൂത്രത്തിൽ പിൻവാതിലിലൂടെ തിരുവല്ലായിലെ ചില പള്ളികളിൽ കയറ്റാൻ കൂട്ടുനിന്നു. പള്ളിയിൽ കയറി കഴിയുമ്പോൾ കയറിയ ആൾ മെത്രാനാകും. ഇതിന്റെ പേരിൽ ഓർത്തഡോക്സുകാർ അല്പം ഇടഞ്ഞു. അവസാനം കേരളാ കോൺഗ്രസ്സ് നേതാവ് നേരിട്ട് ദേവലോകത്തെത്തി പ. ബാവാ തിരുമേനിയെ കണ്ടു. പ. ബാവായോ സഭയോ യു. ഡി. എഫിന് എതിരല്ല എന്ന് പ്രഖ്യാപിച്ച് വിശ്വാസികളെ ശക്തരാക്കി. സത്യം പറഞ്ഞാൽ സഭാനേതൃത്വത്തിലെ ചില മാന്യന്മാരുടെ സഭയോടു തോന്നാത്ത യു. ഡി. എഫ്. കടപ്പാടാണ് തിരുവല്ലായിലെ വിജയവും സഭയുടെ ഇന്നത്തെ ദുഃസ്ഥിതിയുടെ കാരണവും. ഇവർ തത്വത്തിൽ ഇന്നും സഭയെ തോല്പിച്ച് സൈര്യവിഹാരം നടത്തുന്നു. തിരുവല്ലയിൽ യു. ഡി. എഫ്. വിജയിച്ചപ്പോൾ കല്ലാപ്പാറയും ശ്രേഷ്ഠനും എല്ലാം യുഡിഎഫ് വക്താക്കളായി ആട്ടക്കലാശം നടത്തിയത് മറന്നോ?

സുപ്രീംകോടതി വിധിയ്ക്കു വരെ പുല്ലു വില കൊടുത്തും, സത്യപ്രതിജ്ഞാ ലംഘനത്തിലൂടെയും, കേരളക്കാരനായ ഒരു സഹമന്ത്രി മുഖേന ടൂറിസ്റ്റ് വിസാ വഴി ഉഴിച്ചിലിനും പിഴിച്ചിലിനുമായി സിറിയൻ പാത്രീയർക്കീസിനെ ഇവിടെ വരുത്തി 1000 ലധികം പോലീസിന്റെ അകമ്പടിയോടെ സംസ്ഥാന ഖജനാവിലെ കോടികൾ മുടക്കി സംസ്ഥാന അതിഥിയാക്കി മലങ്കര മെത്രാന്റെ പള്ളികളിൽ യഥേഷ്ടം കയറ്റി. സ്വന്ത സഭയെയും സഭാ പിതാവിനെയും തുച്ഛീകരിച്ചും, നിന്ദിച്ചും, പ്രാരംഭത്തിൽ തന്നെ തോമസ്സ് പ്രഥമന്റെയും അനുയായികളുടെയും കൈയ്യടി വാങ്ങി യുഡിഎഫ് ആടി തിമിർത്തു. മനോരമ മനോഹരമായി ചിത്രീകരിച്ച് സ്വന്തസഭയെ ഒറ്റു കൊടുത്ത് പാത്രീയർക്കീസിന്റെ സ്റ്റേജിൽ കൂവൽ കിട്ടി എങ്കിലും, കൈയ്യടി വാങ്ങി. പക്ഷേ പഞ്ചായത്തു തെരഞ്ഞെടുപ്പു വന്നപ്പോൾ കല്ലാപ്പാറയ്ക്കും ശ്രേഷ്ഠനും യുഡിഎഫ് അനഭിമിതരായി, ശത്രുവായി. ഉമ്മൻചാണ്ടി സഭയ്ക്ക് ഒന്നും ചെയ്തില്ലെന്നും മറ്റും പറഞ്ഞത്, അവസരവാദവും തന്ത്രവും അല്ലാതെ എന്താണ്. മുഖ്യമന്ത്രിയെ പാത്രിയർക്കീസിനെ കൊണ്ട് അനുഗ്രഹിപ്പിച്ചതും യൂസഫലിക്കു വരെ ഷവലിയറോ കമാണ്ടറോ നല്കിയതൊക്കെ വേണ്ടപ്പെട്ടവർ മറന്നു.

അടുത്തയിടെ സിറിയയിൽ രാഷ്ട്രീയ സന്ദർശനം നടത്തിയ സഹമന്ത്രി അവിടുത്തെ ഗവർമെന്റുമായി കാണുന്നതിന് മുമ്പ് പാത്രിയർക്കീസിനെ കണ്ട് ഇന്ത്യൻ രാഷ്ട്രീയവും, സഭാവിഷയവും യുഡിഎഫ് കഥകളും പറഞ്ഞതും മനോരമ എഴുതിയിരുന്നല്ലോ. എന്നിട്ടും ഇവിടെ യാക്കോബയക്കാർക്ക് യുഡിഎഫ് വിരോധം മൂത്ത് എല്ലാ അന്ത്യോഖ്യാ വിശ്വാസികളെയും തോല്പിച്ചു. പോരെങ്കിൽ തിരുവോണത്തിന് മാവേലിയുമായി ഡമസ്ക്കസിൽ പോയി മടങ്ങും വഴി സോണിയാജിയെ കണ്ട് 'ഉമ്മൻചാണ്ടി പോരാ, ഇനിയും ഈ ആയുഷ്ക്കാലം ഒക്കെ ഞാനും എന്റെ 25 ലക്ഷം അനിയായികളും കോൺഗ്രസിൽ തന്നെ' എന്ന് പ്രഖ്യാപിച്ചതും മനോരമയിൽ കണ്ടു.

പള്ളികൾ സ്ഥാപനോദ്ദേശ്യ പ്രകാരവും, ഭൂരിപക്ഷ പ്രകാരവും തുറന്ന് കൊടുത്തില്ലെങ്കിൽ ഇവിടെ രക്തപ്പുഴ ഒഴുക്കും എന്ന് കല്പിച്ചതും ഈയിടെ പ്രശ്ന പരിഹാരത്തിന് കാറു കത്തിച്ചതും ജനം വായിച്ചു. എന്നാൽ ഇനി അഖണ്ഡ പ്രാർത്ഥനായജ്ഞം വഴി കേസ്സുകൾ തീർക്കും എന്നും സ്ഥാനത്യാഗം ചെയ്യും എന്നും കല്പിച്ചിരിക്കുന്നു. അഭിപ്രായങ്ങൾ ഇരുമ്പുലക്കയല്ലല്ലോ?

യാത്രക്കാരിയെ ഒഴിവാക്കി ഗവ. വക കാറു കത്തിച്ചവരെ അറസ്റ്റു ചെയ്തതും, തെരുക്കൂത്തു നടത്തിയവരെ കൈകാര്യം ചെയ്ത പോലീസിനെ സസ്പെൻഡ് ചെയ്തതും, മലങ്കര വർഗ്ഗീസിന്റെ യഥാർത്ഥ കൊലയാളിയെ പിടിക്കാത്ത പോലീസിനെ സംരക്ഷിക്കുന്നതും, യുഡിഎഫ് ആയിട്ടും ഇപ്പോഴും കടുത്ത വിമർശനം തന്നെ. അടുത്ത ഭരണം എൽ. ഡി. എഫ്. ആകാം എന്ന ശ്രേഷ്ഠപിതാവിന്റെ ഉൾക്കാഴ്ചയാകാം കാരണം. 1975 ലെ ഗയിറ്റ് മാർച്ചും, കാറു കത്തിക്കലിനും നേതൃത്വം കൊടുത്ത ദിവന്നാസിയോസിനെയും കൂട്ടരെയും മർദ്ദിച്ച് ഒതുക്കിയ കരുണാകർജി ശ്രേഷ്ഠ ആചാര്യന്റെ അനുഗ്രഹം വാങ്ങി ഉമ്മൻചാണ്ടിയെ മഹറോൻ ചൊല്ലി പൊല്ലാപ്പ് ഉണ്ടാക്കിയതും ശ്രേഷ്ഠനിയോഗം. ആലുവാ പോലീസിനെ സസ്പെൻഡ് ചെയ്തതുപോലെ; മുഖ്യമന്ത്രി ക്ഷമ പറയണം എന്ന് പത്രക്കുറിപ്പും വായിച്ചു. ക്ഷമയ്ക്കു തയ്യാറല്ലെങ്കിൽ പാത്രീയർക്കീസിനെ ഒന്നു കൂടി കുമരകത്തു കൊണ്ടുവന്നാൽ അസംബ്ളി ഇലക്ഷനും ഒരു ഓളം കിട്ടാം. യു ഡി എഫ് ന് അധികാരം കിട്ടിയാൽ സുപ്രീം കോടതിയിലെ കേസ്സ് അനന്തമായി നീട്ടാനും പറ്റും. കാതോലിക്കാ ബാവാമാർ ഓരോരുത്തരായി കാലം ചെയ്യും. സ്ഥാനത്യാഗ നാടകത്തിലൂടെയും, തെരുവു സമരത്തിലൂടെയും വേണ്ടിവന്നാൽ മറ്റു മാർഗ്ഗത്തിലൂടെയും ശ്രേഷ്ഠത നിലനിർത്തും. നിശ്ചയം. ■

തുമ്പിയെക്കൊണ്ട് കല്ലെടുപ്പിക്കും പോലെ ബാവായെക്കൊണ്ട് സഹായധന വിതരണം

('ആർദ്ര'യുടെ ആർദ്രതയില്ലാത്ത ക്രൂരത)

മലങ്കര ഓർത്തഡോക്സ് സഭയുടെ ജീവകാരുണ്യ പ്രസ്ഥാനങ്ങളിലൊന്നാണ് 'ആർദ്ര.' നല്ല കാര്യം. സഭയ്ക്ക് വേണ്ടത്ര ജീവകാരുണ്യ പ്രവർത്തനങ്ങളില്ലാത്തതിന്റെ കുറവു ഭാഗികമായെങ്കിലും നികത്തുവാൻ ഇതുപോലെയുള്ള പ്രസ്ഥാനങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണെന്ന് പറഞ്ഞാൽ ആരും എതിർക്കില്ല.

പ്രഖ്യാപിത ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തികളും തമ്മിൽ പൊരുത്തപ്പെടാത്തത് ഇന്ന് സഭയ്ക്കും സഭയുടെ പ്രസ്ഥാനങ്ങളുടെയും മുഖമുദ്രയാണ്. അതിന്റെ മകുടോദാഹരണമാണ് ഒക്ടോബർ 18-ാം തീയതി ദേവലോകം അരമനയിൽ നടന്ന ചടങ്ങ്. സഭയുടെ വിവിധ കോളജ് പ്രിൻസിപ്പിൽമാർക്ക്, നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം നൽകുവാനുള്ള സഹായധനം വിതരണം ചെയ്യുന്ന ചടങ്ങായിരുന്നു വേദി. പ്രിൻസിപ്പൽമാർ ഈ പണം ഏറ്റുവാങ്ങുന്നത് പ. ബാവാ തിരുമനസ്സിൽ നിന്നായിരിക്കണം എന്ന് ഭരണകർത്താക്കൾക്ക് നിർബന്ധം. പരിക്ഷീണിതനായി, ശയ്യയിൽ നിന്നും എഴുന്നേൽക്കാൻ പോലും വയ്യാത്ത ബാവാതിരുമേനിയെ പരിചരണത്തിനായി നിർത്തിയിരിക്കുന്ന മെയിൽ നേഴ്സ്, വീൽചെയറിലിരുത്തി കൊണ്ടുവരുന്നു. കണ്ണു തുറന്ന് ചുറ്റും നോക്കാൻ പോലും വയ്യാത്തവിധം അവശനായ ബാവാതിരുമേനിയുടെ കൈവിരലുകൾക്കിടയിൽ സഹായധനത്തിന്റെ കവർ വയ്ക്കുന്നു. പേരു വിളിക്കുന്ന മുറക്ക് കോളജ് പ്രിൻസിപ്പൽമാർ വന്ന് കവർ എടുത്തു കൊണ്ടുപോകുന്നു. മനോരമയിൽ ഫോട്ടോ വരുന്നത് സഹായധനം പ. ബാവാ വിതരണം ചെയ്യുന്നതായിട്ടും!

Charity begins at home എന്ന് തത്വമുണ്ടെങ്കിലും ചുരുങ്ങിയപക്ഷം സഭാതലവനോട് ഇപ്രകാരം ഒരു ക്രൂരത കാട്ടാതെയെങ്കിലുമിരിക്കാമായിരുന്നു. രോഗശയ്യയിൽ അവശനായിരിക്കുന്ന പ. ബാവാ തിരുമേനിയെ, സഭാതലവൻ അല്ലാതെ മറ്റാരും നിർവ്വഹിക്കാൻ പാടില്ലാത്ത ഭരണപരമോ ആദ്ധ്യാത്മികമോ ആയ ഒരു കാര്യത്തിന് ബുദ്ധിമുട്ടിക്കുന്നത് മനസ്സിലാക്കാം. മെത്രാപ്പോലീത്തന്മാർക്കോ സഭയുടെ ഉയർന്ന സ്ഥാനികളിലാർക്കെങ്കിലുമോ നിർവ്വഹിക്കാമായിരുന്ന ഒരു ചടങ്ങിന് ബാവാ തിരുമേനിയെ ഈ നിലയിൽ കൊണ്ടുവന്നത് തികഞ്ഞ ക്രൂരതയാണ്. പ്രവർത്തനനിരതനായ ഒരു സഭാതലവൻ വരുന്നത് പലതും "മാനിപ്പുലേറ്റ്" ചെയ്യാനുള്ള സൗകര്യം നഷ്ടപ്പെടലാവും.

ഇങ്ങിനെ എത്ര പൊറാട്ടു നാടകങ്ങൾ കൂടി ജനം സഹിക്കേണ്ടിവരും?

– സവ്യസാചി

(പുതിയ കാതോലിക്കായെ വാഴിക്കുന്നതിനു മുമ്പെഴുതിയത് – എഡിറ്റർ)

ആകമാനസഭയ്ക്ക് കണ്ടമാനം സിംഹാസനം

സിറിയായിൽ കേവലം ഒന്നര ലക്ഷത്തോളം വിശ്വാസികളുണ്ട്. ആകമാന സുറിയാനിസഭയുടെ പാത്രി/യർക്കീസ് ബാവായ്ക്ക്. ഭാരത സഭാസ്ഥാപകനായ വി. തോമാശ്ലീഹായുടെ എ. ഡി. 52-ലെ സിംഹാസനം 2002 ലെ ശ്രേഷ്ഠ കീഴ്സ്ഥാനി കണ്ടെടുത്ത് ഭൂരിപക്ഷ തീരുമാനപ്രകാരം വി. തോമാശ്ലീഹായുടെ ഛായാചിത്രം ആലേഖനം ചെയ്ത് പുനരുദ്ധരിച്ച്, സ്ഥാനാരോഹണ രജത ജൂബിലി സമ്മേളനത്തിൽ തിരുവോണ സമ്മാനമായി പ. പാത്രിയർക്കീസ് ബാവായ്ക്ക് സമർപ്പിക്കുക വഴി നാളിതുവരെ പ. പിതാവിന് സിംഹാസനം ഇല്ലായിരുന്നു എന്ന് തോന്നിപ്പോയി.

എന്തായാലും 203 -വഴി സിംഹാസനവും, പട്ടത്വവും ഉഴിഞ്ഞ് വെറും കപ്യാരുടെയും കാവൽക്കാരന്റെയും പോസ്റ്റിൽ നിന്ന സെന്റ് തോമസ്സ് സിംഹാസന അവകാശി ആയതിൽ ഭാരത നസ്രാണിക്ക് അഭിമാനിക്കാം.

"കള്ളവും ഇല്ല, ചതിവും ഇല്ല, എള്ളോളം ഇല്ല പൊളിവചനം." ലോക ക്രൈസ്തവ ആചാര്യ മുഖ്യനായ റോമാ പോപ്പ് പത്രോസ്, പൗലോസ്സ് ശ്ലീഹന്മാരുടെ പിൻഗാമി ആയി വാഴുമ്പോൾ, നമ്മുടെ ആകമാനസഭയുടെ പാത്രീയർക്കീസ് ബാവാ പത്രോസ്, തോമ്മാ ശ്ലീഹന്മാരുടെ സിംഹാസനങ്ങളിൽ മാറി മാറി ഇരുന്ന് സിറിയായിലെ ഓർത്തഡോക്സ് സഭയുടെയും ഭാരതത്തിലെ 2002 ലെ നവീന യാക്കോബായ സഭയെയും തന്റെ ശ്രേഷ്ഠ കീഴ്സ്ഥാനിയിലൂടെ ഭരിക്കത്തക്ക ക്രമീകരണങ്ങൾ ഒരുക്കിയ ശ്രേഷ്ഠ ബാവായുടെ ശ്രേഷ്ഠത ഒരു കീഴ്സ്ഥാനിയുടെ ഔന്നത്യം വിളിച്ചോതുന്നതും തന്നെ.

ഇതിനെല്ലാം ഉപരി വർഷാവർഷം മലനാട്ടിൽ എഴുന്നള്ളി മാലോകരെ കാണാൻ വന്ന മാവേലി മന്നനെയും സിറിയായിലെത്തിച്ച് പ. പിതാവിന്റെ അനുഗ്രഹം വാങ്ങി ഈ തവണ അതുവഴി പാതാളത്തിലേയ്ക്ക് തിരിച്ചുപോകാനും അവസരം ഉണ്ടാക്കിയതും ഭാരത തനിമയുടെ ഉദാത്തമായ ഉദാഹരണങ്ങൾ മാത്രം. സിറിയൻ പാരമ്പര്യങ്ങൾ വിട്ട് ആകമാന സഭയെ കേരളവൽക്കരിച്ചും, "കാണം വിറ്റും ഓണം ഉണ്ണണം" എന്ന പഴമൊഴിയ്ക്ക് ഉതകുംവിധം സ്വന്ത പിതാവായ മാർത്തോമായുടെ സിംഹാസനം പോലും അടിയറ വച്ച് ആകമാന പാത്രിയർക്കീസിന്റെ പ്രീതിയും, വാത്സല്യവും, നിലനിർത്തി ഈ ദേശീയസഭയുടെ ഒരംശത്തെ ആകമാനത്തിന്റെ അംശി ആക്കാനും സാധിച്ചതും മലങ്കരയിലെ മാർത്തോമ്മാ മക്കൾക്ക് മറക്കാനും പൊറുക്കാനും പറ്റുമോ? ഏതായാലും മലങ്കരയിലെ മാർത്തോമ്മാ മക്കൾക്ക് അഭിമാനിക്കാം. അവരുടെ പിതാവിനും ഒരു സിംഹാസനം ഉണ്ടെന്നും അതിൽ സ്വപിതാവിന്റെ അനന്തരഗാമികൾ ഇരിക്കുന്നത് ആകമാന തലവന് താല്പര്യമില്ലാത്തതിനാലും ഓണത്തിന് രാജാവിനും, ജന്മിക്കും കാഴ്ചക്കുല സമർപ്പിച്ച് പ്രീതി സമ്പാദിക്കു

(ശേഷം 9-ാം പേജിൽ)

പരുമലത്തിരുമേനിയുടെ കോടതി മൊഴികൾ

എം. കുര്യൻ തോമസ്

മലങ്കരസഭയുടെ മഹാപരിശുദ്ധനായ പ. പരുമലത്തിരുമേനി കേവലം ഒരു പ്രാർത്ഥനാമനുഷ്യനും ആശ്രമവാസിയും മാത്രമായിരുന്നില്ല. മലങ്കര എങ്ങും നിറഞ്ഞുനിന്ന ഒരു വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. അതിനാൽ മലങ്കര എമ്പാടും അദ്ദേഹത്തിന്റെ കർമ്മപഥം വ്യാപിച്ചു കിടന്നു.

അപ്രകാരം മലങ്കര ഒട്ടാകെയുള്ള പ്രവർത്തനത്തിനിടയിലാണ് കരിങ്ങാച്ചിറ പള്ളിവക തിരുവാങ്കുളം കുരിശും തൊട്ടിയിൽ പ. പരുമല തിരുമേനി ധൂപപ്രാർത്ഥന നടത്തിയത്. ഇത് ഒരു കേസിലേക്കു നയിച്ചു. ആ കേസിൽ തിരുമേനി മൊഴി കൊടുക്കേണ്ടതായും വന്നു. അതിനെപ്പറ്റി റാവു സാഹിബ് ഒ.എം. ചെറിയാൻ വിവരിക്കുന്നത് ഇപ്രകാരമാണ്:

“കരിങ്ങാച്ചിറ പള്ളിവക തിരുവാങ്കുളം കവലയിലുള്ള കുരിശുംതൊട്ടിയെ സംബന്ധിച്ചതും പരിശുദ്ധ പിതാവിന്റെ സത്യത്തെ മുൻനിർത്തിയുള്ള ജീവിതത്തിന് മകുടോദാഹരണവുമായ ഒരു സംഭവം ഇവിടെ പ്രസ്താവ്യമാണ്. തിരുവാങ്കുളം കുരിശിൻതൊട്ടിയിൽ ആദ്യമായി ധൂപം അർപ്പിച്ചത് ഈ പിതാവാണ്. പ്രസ്തുത കുരിശിൻതൊട്ടിയുടെ അടുത്തായി ഒരു ഹിന്ദുക്ഷേത്രം സ്ഥിതിചെയ്തിരുന്നു.

അവിടെ കുരിശിൻ തൊട്ടി സ്ഥാപിച്ചതും ധൂപാരാധന തുടങ്ങിയതും ഹിന്ദുക്ഷേത്രക്കാർക്ക് അപ്രിയം സൃഷ്ടിച്ചു. അവർ പ. പിതാവിനെ സാക്ഷിയാക്കി, പള്ളികൈക്കാരന്മാരെ പ്രതിചേർത്ത് കൊച്ചി മജിസട്രേട്ട് കോടതിയിൽ അന്യായം കൊടുത്തു. ധൂപംവച്ചു എന്ന് പ. പിതാവ് സാക്ഷിപറഞ്ഞാൽ പള്ളിക്കാരെ ശിക്ഷിക്കും എന്നുള്ളതിനാൽ ‘ധൂപം വച്ചിട്ടില്ല’ എന്ന് സാക്ഷിപറയണം എന്ന് പ. പിതാവിനെ എല്ലാവരും നിർബന്ധിച്ചു. എന്നാൽ സത്യസ്വരൂപനെ ആരാധിക്കുന്ന പ. പിതാവ് ‘ധൂപംവച്ചിട്ടുണ്ട്’ എന്നുതന്നെ സാക്ഷ്യം പറയുകയും കൈക്കാരന്മാർക്കു ശിക്ഷ വിധിക്കുകയും ചെയ്തു. എന്നാൽ പ. പിതാവ് അവരെ വിളിച്ച് അപ്പീൽ കൊടുക്കാനും ‘അപ്പീലിൽ നിങ്ങൾ ശിക്ഷിക്കപ്പെടാതെ രക്ഷപെട്ടുകൊള്ളും’ എന്ന് കല്പിക്കുകയും അങ്ങനെതന്നെ സംഭവിക്കുകയും ചെയ്തു.”[1]

തീയതി അറിയില്ലാത്ത ഈ സംഭവം തിരുമേനിയുടെ സത്യത്തോടുള്ള ആഭിമുഖ്യം വെളിവാക്കുന്ന ഒന്നാണ്. എന്നാൽ തിരുമേനിയുടെ ശ്രദ്ധേയമായ മൊഴി 1889-ൽ തിരുവിതാംകൂർ റോയൽ കോടതിവിധിയിലവസാനിച്ച സെമിനാരി കേസിലായിരുന്നു. നവീകരണകക്ഷിക്കാരിൽ നിന്നും കോട്ടയം സെമിനാരിയും സ്വത്തുക്കളും ഒഴിഞ്ഞുകിട്ടുന്നതിനായി മലങ്കര മെത്രാപ്പോലീത്ത പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്നാസ്യോസ് അഞ്ചാമൻ ആലപ്പുഴ ജില്ലാക്കോടതിയിൽ കൊല്ലവർഷം 1054 കുംഭമാസത്തിൽ സിവിൽ 439-ാം നമ്പരായി. തോമസ് അത്താനാസ്യോസ് മുതൽപേരെ പ്രതികളാക്കി വ്യവഹാരം ഫയൽചെയ്തു ഈ കേസിൽ പരുമലത്തിരുമേനിയടക്കം ആറു നവമെത്രാന്മാരെയും പ്രതിഭാഗം സാക്ഷികളാക്കിയിരുന്നു. കോടതി ഈ സാക്ഷികൾക്ക് സമൺസ് അയച്ചു. തുടർന്നു നടന്ന സംഭവങ്ങളെപ്പറ്റി സാക്ഷികളാക്കപ്പെട്ടവരിൽ ഒരാളായ കാരോട്ടുവീട്ടിൽ മാർ ശീമോൻ ദീവന്നാസ്യോസിന്റെ വിവരണം ഇപ്രകാരമാണ്:

“.....36-ാമതു ലക്കത്തിൽ പറഞ്ഞിരിക്കുന്ന അന്യായത്തിനു പ്രതിഭാഗം ഉത്തരമെഴുതി വച്ചിരിക്കുന്നതിൽ അന്ത്യോഖ്യാ പാത്രിയർക്കീസിന് യാതൊരു അധികാരം ഇല്ലെന്നും മറ്റും എഴുതിയതു കൂടാതെ ശെഷം മെത്രാന്മാർ എല്ലാവരെയും സാക്ഷിയാക്കിയാറെ നിരണം ഇടവകെയുടെ മാർ ഗ്രീഗോറിയോസ ഒഴികെ ആരും സമനിൽ ഒപ്പിടാതെ മടക്കി. അദ്ദേഹം ആലപ്പുഴ ചെന്നിരുന്ന് കമ്മീഷന്റെ മുറപ്രകാരം വിസ്താരം നടത്തിയതിൽ പുലിക്കോട്ടു മാർ ദീവന്നാസ്യോസ് മെത്രാപ്പൗലീത്തായെ സുറിയാനിക്കാരുടെ അസോസേഷ്യൻ കമ്മട്ടിയിൽ പ്രസിടെണ്ടറായി വിശുദ്ധ പിതാവാകുന്ന മാറാൻ പാത്രിയർക്കീസ് ബാവായും കമ്മട്ടിക്കാറരും ശെഷം പള്ളിക്കാറരും കൂടി നിശ്ചയിച്ചിരിക്കുന്നു എന്നും ആത്മീക കാര്യത്തിൽ ഞങ്ങൾ മെത്രാന്മാരെ എല്ലാവരും ഒരു പോലെ അധികാരപ്പെട്ടിരിക്കുന്നു എന്നും ലൗകിക കാര്യങ്ങളിൽ അദ്ദേഹം ഞങ്ങളിൽ മീതെ എന്നും മറ്റും എഴുതി വച്ചു വിസ്താരം നടന്നു വരുന്നു”.[2]

ഈ വസ്തുത പ. പരുമല തിരുമേനി 1879 ചിങ്ങം 28-നു പരുമല സെമിനാരിയിൽനിന്നും ചാത്തുരുത്തിൽ വീട്ടിലേയ്ക്കയച്ച കല്പനയിൽ സ്ഥിരീകരിക്കുന്നുണ്ട്.

“നമ്മുടെ ആലപ്പുഴയുള്ള വ്യവഹാരത്തിൽ ഈ കഴിഞ്ഞതിന്റെ മുമ്പിലത്തെ അവധിക്കു മെത്രാന്മാർ എല്ലാവരേയും പ്രതിഭാഗികൾ സാക്ഷി ബാധിപ്പിച്ചുണ്ടായിരുന്നു. അതുപ്രകാരം ഇവിടെ സമൻ വന്നപ്പോൾ ആയതു കൈപ്പറ്റാതെ തിരികെ അയയ്ക്കുന്നതു നീതിക്കുപോരായല്ലോ എന്നുവച്ചു ഒപ്പിട്ടു അയയ്ക്കുകയും പിന്നത്തേതിൽ നമ്മുടെ സ്ഥാനാവകാശത്താൽ കോടതിയിൽ വന്നു മൊഴി എഴുതുന്നതിനു പാടുള്ളതല്ലാത്തതുകൊണ്ടു ആവശ്യപ്പെട്ട കക്ഷികൾ കമ്മീഷൻ മുഖാന്തിരം ഇവിടെ വന്നു മൊഴി വാങ്ങിക്കൊള്ളേണ്ടതാകുന്നുയെന്നും സമനിൽ പറയുന്ന സ്താത്തിക്കൊൻ മുതലായ ആധാരങ്ങൾ അപ്പോൾ ഹാജരാക്കിക്കൊള്ളാമെന്നും നാം ഹർജി ബോധിപ്പിച്ചതു കൂടാതെ അതിലേക്കു ഒരു വക്കീലിനെ നിയമിക്കുകയും ചെയ്തു. ശേഷം സഹോദരന്മാർ സമൻ മടക്കി അയച്ചുയെന്നാണ് കേട്ടത്. പിന്നത്തേതിൽ ഇപ്പോഴത്തെ അവധി കഴിഞ്ഞതിന്റെ ശേഷം നമുക്ക് കമ്മീഷനെ അയയ്ക്കുന്നതിനുള്ള പടി കെട്ടീട്ടുണ്ടെന്നും അതിനാൽ ഉടനെ വരുമെന്നും കേട്ടിരിക്കുന്നു. എന്നാൽ മറ്റുള്ളവർക്കും പ്രത്യേകമായി പടി കെട്ടാതെ നമുക്കുതന്നെ കെട്ടിയതിന്റെ കാരണം ഈ സ്ഥലം വാദിക്കു അവകാശമുള്ളതല്ലെന്നും മറ്റും അവർ വാദിച്ചിരിക്കുന്നതിനെപ്പറ്റിയും ആകുന്നു.”[3]

1879 കന്നി 22 ന് ചൊവ്വാഴ്ച ആലപ്പുഴ വച്ച് പ. പരുമല തിരുമേനിയുടെ മൊഴിയെടുത്തു ആ മൊഴിയുടെ പൂർണരൂപം “1055-ാമാണ്ട് കന്നിമാസം 21-ാം തീയതി പരുമല സിമ്മനാരിയിൽ പാർക്കും മാർ ഗ്രീഗോറിയോസ് മെത്രാപ്പൗലീത്തായൊടു കമീഷ്യൻ സ്ഥലത്തു വച്ച് സത്യത്തുമ്മേൽ വാങ്ങിച്ച മൊഴി.

വയസ് 32-വാദി വക്കീൽ ചോദ്യത്തിന്നു ഉത്തരം-

നമ്മുടെ സ്ഥാനം മെത്രാനാണ. സമനിൽ പറയുന്ന പ്രമാണം നമ്മുടെ സുസ്ഥാത്തിക്കൊൻ ആണ്. ഈ സ്ഥാത്തിക്കോനിൽ പറയുന്നതു നമ്മെ നിരണം മുതലായ പള്ളികൾക്കു മെത്രാനായിട്ടാണു വാദിയെ ഇതിനു മുമ്പ് ഇരുന്ന പാത്രിയർക്കീസു ബാവാ മലയാളം അടച്ചു മെത്രാനായിട്ടാണു വാഴിച്ചിരുന്നത. ഈ വാദിക്കു വെറെയും സ്ഥാനം ഉണ്ടു. ആയ്തു മലയാളത്തിലുള്ള സുറിയാനിക്കാരുടെ പൊതുവിന്നടുത്ത കമ്മട്ടിയിലെ പ്രസിഡെണ്ടാണു-ആ പ്രസിഡെണ്ടെന്നുള്ള അധികാരം-മലയാളത്തിലുള്ള സുറിയാനിപ്പള്ളികൾ ഏഴ ഇടവകയായി ഭാഗച്ചിട്ടുണ്ടു. അതുകളിമ്മെൽ ഒക്കെയും വസ്തുക്കൾമെൽഒക്കെയും പൊതു അടുത്ത അധികാരവും വാദിക്കുണ്ടു. പരുമല സെമിനാരി പണിയിച്ചിട്ടുള്ളതും വാദിആകുന്നു. അതിന്മെലുള്ള മുതൽ ശെഖരപ്പെടുത്തിയതും ചെലവുചെയ്തിച്ചതും വാദി ആകുന്നു-നമ്മെയും നമ്മെപ്പോലെ വേറെ മെത്രാന്മാരെയും വാഴിച്ചിട്ടുള്ളതുകൊണ്ടു വാദിക്കു ഈ വ്യവഹാരം കൊണ്ടു വരുന്നതിനു യാതൊരു ദൊഷവും ഇല്ല. വാദിക്കു സർക്കെട്ടു ചെയ്യേണ്ടതായ സമയം നീക്കി ഉള്ള താമസമൊക്കെയും പരിമല സിമ്മനാരിയിൽ ആണു. ആയതു സിമ്മനാരി പണിയിച്ചതു മുതൽ മെൽ പറഞ്ഞ സിമ്മനാരിയിലാണു താമസിക്കുന്നതു. പണിയിച്ച തു

47-ലൊ-48 ലോ-ആകുന്നു. പള്ളിയുടെ വക ആയി കട്ടിൽ കിടക്ക മെശ കസേരകൾ കല്ലച്ചുക്കൂടം പെട്ടി ബോട്ടു മുതലായി അനേക സാമാനങ്ങൾ അവിടെ ഉണ്ട്. ഇതുകൾക്ക് ഏകദേശം 1000 രൂപയോളം വിലപിടിക്കും. നാം നിരണത്തും പരിമലയും പതിവായി പാർക്കയാണ്. 1053-ാമാണ്ട് കുംഭം മുതൽ ആണു നാം അവിടെ താമസിക്കുന്നതു പഠിപ്പിക്കുന്നവകയ്ക്കാണു. പരിമല സിമ്മനാരിയിൽ താമസിക്കുന്നതു. ഇപ്പോഴം സാമാനങ്ങൾ ഒക്കെയും വാദിയുടെ അനുവാദപ്രകാരം നാം സൂക്ഷിച്ചു വരുന്നു. 1053 കുംഭത്തിൽ പ്രസിഡെണ്ടായ വാദിയും കമ്മട്ടിക്കാറരും പള്ളിക്കാരും കൂടി സുന്നദൊസു കൂടി നിശ്ചയിച്ചു. ആ നിശ്ചയപ്രകാരമാണു നാം പരിമലെ പടിപ്പിക്കുന്നതിനായി താമസിക്കുന്നതു-വാദിക്കു പ്രസിഡെണ്ടിന്റെ സ്ഥാനം ലെഭിച്ചതു പാത്രിയർക്കീസു ബാവായാലും സഭയാലും ആകുന്നു.

പ്രതിവക്കീലിന്റെ ക്രസു ചോദ്യം

മുമ്പിൽ വാദിക്കുന്ന മലയാളം അസി. മെത്രാനായി അധികാരം കൊടുക്കുകയും അതിൽ പിന്നെ ആറു പെരെക്കൂടെ ഇപ്പോൾ വാഴിക്കുകയും ചെയ്തുകൊണ്ട വാദിക്കുള്ള മെത്രാന്റെ അധികാരത്തിനു വല്ല കുറവും ഉണ്ടൊ

ഉത്തരം - ഈ വാദിക്കു മലയാളം അടച്ച എല്ലാ ഇടവകയിമ്മേലും പൊതുവിന്നടുത്ത അധികാരം ഉണ്ട. അത മലയാളത്തിന്റെ കമ്മട്ടിയുടെ പ്രസിഡണ്ടായ്കകൊണ്ടാകുന്നു.

ചോദ്യം- പൊതുവിന്നടുത്ത അധികാരം എന്താകുന്നു

ഉത്തരം-പൊതുവിന്നടുത്തതു ഏഴ എടവകയ്ക്കും കൂടെ സംബന്തമുള്ള വസ്തുക്കൾ-മെലും കമ്മട്ടി കൂടുമ്പോൾ നിശ്ചിക്കപ്പെടുന്നതായ പൊതുവിന്നടുത്ത വല്ല മുതൽ കാര്യങ്ങൾ മെലും പള്ളികൾമെലും സർക്കാരു സംബന്തമായ വിവഹാരങ്ങൾ മെലും വിശെഷമായി ചെയ്യപ്പെടുന്ന വല്ല ആശുപത്രി മെലും പൊതുവിൽ പട്ടത്വത്തിനായിട്ടു നിയമിപ്പാനുള്ള സിമ്മനാരിമെലും സ്ക്കൂളിന്മേലും മറ്റും ആകുന്നു. നമ്മുടെ അധികാരത്തിൽ ഉൾപ്പെട്ട പള്ളികൾ മെലും മേൽപ്പറഞ്ഞ പ്രകാരമുള്ള പൊതുവിന്നടുത്ത മെലധികാരം വാദിക്കുന്നതാകുന്നു. പൊതുവിന്നടുത്തതു എന്നു നാം പറഞ്ഞതു ആത്മിക സംബന്തമായും വസ്തു സംബന്തമായും ഉള്ള അധികാരങ്ങൾ ആകുന്നു. മുമ്പെ നാം ആശുപത്രി എന്നു പറഞ്ഞതും ആത്മ സംബന്തമായുള്ളതാകുന്നു.

ചൊദ്യം-വാദിക്കു ആത്മസംബന്ധവുമായും ലൊക സംബന്തമായും ഉള്ള മേലധികാരത്തെ അവിടുത്തെയ്ക്കുകിട്ടിട്ടുള്ള സ്ഥാന പത്രത്തിൽ വിവരിച്ചിട്ടുണ്ടൊ.

അതു പ്രമാണം ഹാജരാകുന്നതുകൊണ്ടു അതു നൊക്കി തീർച്ചപ്പെടുത്താകുന്നതാകയാൽ ആ ചൊദ്യം ആവശ്യമില്ലാ എന്ന വാദിവക്കീൽ തടുത്തതിനാൽ ആ ചോദ്യം ചൊദിപ്പാൻ അനുവദിച്ചിട്ടില്ല

ഉത്തരം-നമുക്കു മെത്രാൻ സ്ഥാനം കിട്ടിയതിൽ പിന്നെ മെൽപറഞ്ഞതുപോലെ വാദിക്കുള്ള മെലധികാരത്തെപ്പറ്റി പാത്രിയർക്കീസു ബാവായിൽ നിന്നു ഏതെങ്കിലും പ്രമാണം ഉണ്ടായതായി നമുക്കു അറിവില്ല.

ചൊദ്യം-വാദിക്കു മുമ്പുണ്ടായിരുന്ന അധികാരപത്രങ്ങളുടെ പിൻ തീയതിക്കു വാദിക്കു മുമ്പുണ്ടയിരുന്ന അധികാരം വിഭാഗിച്ചതായി പ്രമാണം ഉണ്ടായിരിയ്ക്കുമ്പോ മേലധികാരം ഇപ്പോഴും ഉണ്ടെന്നു പറയുന്നതെങ്ങനെ

(ശേഷം 8-ാം പേജിൽ)

കോടതി മൊഴികൾ...

(ഏഴാം പേജിൽ നിന്നും)

ഉത്തരം–നമുക്കും നമ്മെപ്പോലെ വെറെ മെത്രാന്മാർക്കും ഉണ്ടായിരിക്കുന്ന സ്ഥാനപത്രം കൊണ്ടു വാദിക്കു മുമ്പുണ്ടായിരുന്ന സ്ഥാനപത്രത്തെ അസ്ഥിരപ്പെടുത്തിയതായി ഒന്നും പറഞ്ഞിട്ടില്ല.

വാദി വക്കീലിന്റെ ചോദ്യം–അന്യായപ്പെട്ടിട്ടുള്ള കൊട്ടയത്തു സിമ്മനാരിമെലും അതുകൾക്കു വ്യവഹാരപ്പെടുവാനും ഉള്ള അധികാരം ആർക്കാകുന്നു.

ഈ ചോദ്യം നൂതന ചോദ്യമാകുന്നു എന്നു 1–ാം പ്രതി വക്കീൽ തടുത്തു. കൊർട്ടു അനുവദിക്കായ്കയാൽ

ഉത്തരം – അതുകളുടെ അധികാരം വാദിക്കാകുന്നു.

കോർട്ടുചോദ്യം – മേൽപ്പറഞ്ഞ വസ്തുക്കളിന്മേൽ വേറെ ആൾകൾക്ക് അധികാരമുണ്ടോ

ഉത്തരം – കോട്ടയത്തു സെമിനാരി മുതലായ വസ്തുക്കൾക്ക് വേറെ മെത്രാന്മാർക്ക് അധികാരം കൊടുത്തിട്ടില്ല.

(ഒപ്പ്)[4]

ഈ മൊഴിയുടെ സാരാംശവും മൊഴി നൽകിയ വിവരവും തിരുമേനി 1879 തുലാം 11–ന് പരുമല സെമിനാരിയിൽ നിന്നും ചാത്തുരുത്തി തറവാട്ടിലേക്കയച്ച കല്പനയിൽ വിവരിക്കുന്നുണ്ട്.

“ഞങ്ങൾ ആലപ്പുഴെക്കു പോയ വിവരം മുമ്പിലത്തെ എഴുത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. എന്നാൽ വാദി ആകുന്ന അദ്ദേഹത്തിന്റെ മൊഴി കന്നി 19–നു തന്നെ കമ്മീഷൻ മുഖാന്തിരം കൊടുത്തു. അതിന്റെ ശേഷം 22–ന് ചൊവ്വാഴ്ച നമ്മുടെ മൊഴിയും കൊടുത്തു. വിസ്താരത്തിൽ ക്രാസിനാലും മറ്റും കഠിന ചോദ്യങ്ങൾ ഉണ്ടായിരുന്നു. ദൈവകൃപയാൽ ആയതിനു ഒക്കയ്ക്കും ന്യായമായും സത്യഭംഗംകൂടാതെയും ഞങ്ങൾ രണ്ടാളുകളുടെയും വിസ്താരത്തിൽ അന്നൊള്ള വിരോധം കൂടാതെയും നമ്മുടെ അന്യായത്തിനു വിരോധമായി ഒരു അക്ഷരവും വന്നിട്ടില്ലെന്നു മാത്രമല്ല, ആയതിനെ വളരെ ബലപ്പെടുത്തിയും വിസ്തരിപ്പാൻ സംഗതി വന്നതിൽ ദൈവത്തിനു സ്തുതികൊടുക്കുന്നു. എന്നാൽ മൊഴികളുടെ സാരഭാഗം: ഈ പരുമല സിമ്മനാരി ആരാൽ ഉണ്ടാക്കപ്പെട്ടു എന്നു ഈ സിമ്മനാരിയെക്കുറിച്ചും ഈ വാദിക്കു പ്രസിഡണ്ടെന്നുള്ള സ്ഥാനം ആരാൽ സിദ്ധിച്ചുയെന്നും എങ്ങനെയെന്നും ഈ വാദിക്കും അന്യായം കൊണ്ടുവരുവാനുള്ള അവകാശം സിദ്ധിച്ചതു ഏതു പ്രകാരമെന്നും മറ്റും അനേക ചോദ്യങ്ങൾ ഉണ്ടായിരുന്നു. എന്നാൽ അവയുടെ ഒരു പകർപ്പും ഇതു സഹിതം അയയ്ക്കുന്നതാകയാൽ ഞാൻ അധികമൊന്നും വിസ്തരിക്കുന്നില്ല, ആയതു സുഖാര്യമായി (സ്വകാര്യം?) തന്നെ വച്ചുകൊള്ളണം. അങ്ങോട്ടല്ലാതെ മറ്റാർക്കുംതന്നെ അയച്ചിട്ടുമില്ല. ഈ മൊഴികളുടെ ശേഷം സത്യപതിയായ ജഡ്ജി അവർകൾ വിപരീതികൾ കൊണ്ടുവന്ന ആ വല്യ വഞ്ചനയെ അശേഷം അസ്ഥിരപ്പെടുത്തി വാദിയോടു ജാമ്യം വാങ്ങുന്നതിനു ഒരിക്കലും ന്യായമില്ലെന്നു തീർച്ച കല്പിക്കുകയും ചെയ്തു. ഇതിനാൽ ഉണ്ടായ സന്തോഷം അല്പമല്ലാത്തതാകുന്നു. ഇനിയുള്ള വിസ്താരത്തിന്റെ അവധി ഈ മാസം 23–ന് എന്നാകുന്നു നിശ്ചയിച്ചതും. അതിനിടയിൽ സിമ്മനാരി മുതലായ സ്ഥലങ്ങൾ നോക്കിക്കണ്ടു വില നിശ്ചയിക്കുന്നതിനു കമ്മീഷന്മാരെ അയച്ചിട്ടുണ്ട്. ഒരു സമയം നാം ഒടുക്കിയിരിക്കുന്നതിൽ അധികമായി നിശ്ചയിക്കുന്ന പക്ഷം കൂടുതൽ ഫീസ് ഒടുക്കേണ്ടി വരികയും ചെയ്യും. ആലപ്പുഴെനിന്നും 23–ന് ബുധനാഴ്ച ഞാൻ ഇങ്ങോട്ടു പോരുകയും മറ്റെ അദ്ദേഹം അവിടെത്തന്നെ താമസിക്കുകയും ചെയ്തു. ഇതു കൂടാതെ ഒരു മദ്രാസ് ബാറിഷ്ടരെകൂടെ നിശ്ചയിക്കുന്നതിനു പറഞ്ഞു ഉറപ്പിച്ചിട്ടുണ്ട്.....”[5]

പ. പരുമല തിരുമേനിയുടെ മൊഴി തങ്ങൾക്കു പ്രയോജനം ചെയ്യില്ലെന്നറിഞ്ഞതിനാലാകാം പ്രതിഭാഗം സമൻസ് മടക്കിയ മെത്രാപ്പോലീത്തമാരുടെ പേരിൽ മേൽനടപടികൾ ആരംഭിച്ചു. ഈ വിവരവും പ. പരുമല തിരുമേനി 1882 മകരം 21–ന് ആലപ്പുഴ നിന്നും ചാത്തുരുത്തിൽ തറവാട്ടിലേക്കയച്ച ഒരു കല്പനയിൽനിന്നും വ്യക്തമാണ്.

“മെത്രാച്ചനും ബാവായും ഇവിടെയുണ്ടു. പ്രതി സാക്ഷി തീർന്നുയെങ്കിലും മെത്രാച്ചന്മാരെ ഒക്കെയും സാക്ഷി എഴുതുന്നതിനുണ്ടു. സമൻ അയച്ചതൊക്കെ മടങ്ങി വന്നുയെങ്കിലും പുറകെ ബാർണ്ടു (വാറണ്ട്) അയയ്ക്കയോ വിറ്റെടുപ്പിക്കയോ(കണ്ടുകെട്ട്) ഒക്കയും വരുത്തി കൂട്ടിയേ കഴിയുയെന്നാണ് അവർ നിർബന്ധം തുടങ്ങിയിരിക്കുന്നത്). കടവിലെ മെത്രാച്ചൻ വരുന്നതിനു എഴുതി അയച്ചിട്ടുണ്ട്. അദ്ദേഹത്തിന്മേൽ ആകുന്നു അവർ അധികം താല്പര്യപ്പെടുന്നത്.”[6]

പ. പരുമല തിരുമേനിയെ വീണ്ടും വാദിഭാഗം 63–ാം സാക്ഷിയായി കൊല്ലവർഷം 1059 കന്നി 28 മുതൽ തുലാം 12 വരെ 13 ദിവസം വിസ്തരിച്ചു. ഈ വിസ്താരത്തിനു ഇടയായ കാരണങ്ങളെക്കുറിച്ചു അതിനിടയിലുണ്ടായ ഒരു അത്ഭുത സംഭവത്തെക്കുറിച്ചും വ്യവഹാരകാര്യസ്ഥനായിരുന്ന ഇടവഴിക്കൽ ഇ.എം. ഫിലിപ്പ് വർണിച്ചിട്ടുണ്ട്.

“പരേതനായ പത്രോസുപാത്രിയർക്കീസുബാവാ ഇവിടെ എഴുന്നള്ളിയിരുന്നപ്പോൾ മലങ്കര ഇടവകയെ ഏഴു ഇടവകകളായി തിരിച്ചു മെത്രാന്മാരെ വാഴിച്ചു സ്ഥാത്തിക്കോൻ കൊടുത്തപ്പോൾ മലങ്കര മെത്രാപ്പോലീത്തായുടെയും ഇടവക മെത്രാന്മാരുടെയും അധികാരഭേദത്തെ വ്യക്തപ്പെടുത്തുന്ന ഒരു രേഖയും ഉണ്ടാക്കിയില്ല. ഇടവക മെത്രാന്മാരുടെ സ്ഥാത്തിക്കോൻ വായിച്ചാൽ അവർ അവരവരുടെ ഇടവകയിൽ സ്വതന്ത്രരായിരുന്നു എന്നല്ലാതെ മറ്റുവിധത്തിൽ അനുമാനിക്കാൻ പ്രയാസമായിരുന്നു. ഇതിനെ അടിസ്ഥാനപ്പെടുത്തി മെത്രാന്മാരിലും ധാരാളം സൗന്ദര്യത്തിരക്കുണ്ടായിരുന്നു. ആ തർക്കം കേസിൽ ആദായപ്പെടുത്തിക്കൊള്ളാമെന്നു എതിർകക്ഷി കരുതിക്കൊണ്ടു വലിയ തിരുമേനിയുടെ മലങ്കര സ്ഥാത്തിക്കോൻ കൊച്ചു തിരുമേനികളുടെ ഇടവക സ്ഥാത്തിക്കോൻകൊണ്ടു റദ്ദായിപ്പോയെന്നൊരു വാദം പുറപ്പെടുവിച്ചിരുന്നു. ഈ വാദം മെത്രാന്മാരുടെ മൊഴികൊണ്ട് സ്ഥാപിച്ചുകൊള്ളാമെന്നു അവർക്കു വിശ്വാസവും ഉണ്ടായിരുന്നു. അവരിൽ ആദ്യമായി മൊഴി കൊടുത്തതു പരേതനായ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായായിരുന്നു. അദ്ദേഹത്തെ 13 ദിവസംകൊണ്ടാണു വിസ്തരിച്ചുതീർന്നത്. മലങ്കര മെത്രാപ്പോലീത്തായും ഇടവക മെത്രാപ്പോലീത്തായും തമ്മിലുള്ള ബന്ധങ്ങളും അധികാരഭേദങ്ങളും സംബന്ധിച്ചു എതിർകക്ഷി പലവിധത്തിൽ അദ്ദേഹത്തെ ക്രോസ്സുചെയ്തകൂട്ടത്തിൽ ഒരിക്കൽ വളച്ചുകെട്ടി കുഴച്ചുമറിച്ചു ഒരു ദീർഘചോദ്യം ചോദിച്ചു. ചോദ്യവാചകം എഴുതാൻ പത്തുവരിയിൽ കുറയാതെ വേണം. വാചകവും സംഗതിയും വലിയ വളച്ചുകെട്ടും കുഴപ്പവുമായിരുന്നു. ചോദ്യം മനസ്സിലാക്കാൻ പല ആവർത്തി വായിച്ചുകേൾപ്പിക്കേണ്ടിവന്നു. ഇത്ര ദീർഘ ചോദ്യത്തിനു സ്വതെയുള്ള ഉത്തരം. ‘എസ്’ അല്ലെങ്കിൽ ‘നൊ’ എന്ന ഒറ്റവാക്കു മാത്രമേ വരേണ്ടതായിട്ടുള്ളു. ഏതു പറഞ്ഞാലും വാദിഭാഗത്തേക്കു ദോഷവുമായിരുന്നു. ഈ ചോദ്യം കേട്ടയുടൻ സാക്ഷിമൊഴികളുടെ നോട്ടു എഴുതിക്കൊണ്ടിരുന്ന ഞാനും മാലിത്തറ അച്ചനും തമ്മിൽ ഇപ്രകാരമൊരു രഹസ്യഭാഷണം നടന്നു.

ഞാൻ: ഈ ചോദ്യത്തിനു എന്തു ഉത്തരം പറഞ്ഞാലും ദോഷമാണല്ലോ, അച്ചാ.

അച്ചൻ: അതെ, എന്തു ചെയ്യാം.

ഞാൻ: (ചോദ്യം പോലെതന്നെ വളച്ചുകെട്ടിയ വാചകത്തിൽ എനിക്ക് തോന്നിയ ഒരു ഉത്തരം ഒരു തുണ്ടു കടലാസിൽ എഴുതി അച്ചനെ കാണിച്ചേച്ചു) ഇതുപോലെ ഉത്തരം പറഞ്ഞാൽ തരക്കേടില്ല.

അച്ചൻ: മെത്രാച്ചന് തോന്നണമല്ലൊ.

ഞാൻ: നമ്മുടെ കേസിൽ ദൈവാനുകൂല്യമുണ്ടെങ്കിൽ റൂഹാദകുദിശാ അദ്ദേഹത്തെ തോന്നിക്കും.

ഇത്രയും ഞങ്ങൾ തമ്മിൽ സ്വകാര്യം പറഞ്ഞു കഴിഞ്ഞപ്പോൾ ആ മുറിയുടെ അകന്ന കോണിൽ ഇരുന്നിരുന്ന സാക്ഷിക്കാരൻ ഉത്തരം പറഞ്ഞു. അതു ഞാൻ എഴുതിവച്ചിരുന്ന തുണ്ടുകടലാസ് അദ്ദേഹത്തിന്റെ കൈയിൽ കൊടുത്തു അദ്ദേഹം നോക്കി വായിച്ചാൽ എങ്ങിനെയോ അപ്രകാരം പദംപ്രതിയായിരുന്നു. ഒരുവൻ പറയുന്ന കാര്യം മറ്റൊരുത്തൻ എടുത്തു പറഞ്ഞാൽ സംഗതി ശരിയായിരിക്കാമെങ്കിലും വാചകം പദംപ്രതി വരികയില്ല. കുഴഞ്ഞുമറിഞ്ഞ വാചകത്തിൽ ഞാൻ എഴുതിവച്ച ഉത്തരം അദ്ദേഹം അക്ഷരംപ്രതി പറഞ്ഞു കേട്ടപ്പോൾ അദ്ദേഹത്തേയും എന്നെയും ഒരു വാചകത്തിൽ തോന്നിച്ചതു പരിശുദ്ധാത്മാവാണെന്നുള്ള ബോദ്ധ്യം മൂലം ആശ്ചര്യവും സന്തോഷവും കൊണ്ടു എഴുതാൻ പാടില്ലാത്തവണ്ണം എന്റെ കൈയും ദേഹമാസകലവും വിറയ്ക്കാൻ തുടങ്ങി: ഞാൻ എഴുതിക്കൊണ്ടിരുന്ന നോട്ടു അച്ചന്റെ മുമ്പിലേക്കു മാറ്റി വച്ചേച്ചു ഞാൻ അകത്തെ മുറിയിൽ ഇരുന്നിരുന്ന വലിയ മെത്രാച്ചന്റെ മുമ്പിൽ ചെന്നു. എന്റെ ദേഹം ആസകലം വിറയ്ക്കുന്നതു കണ്ടു മെത്രാച്ചൻ ഭയന്നു. “നമ്മുടെ കേസു നടത്തുന്നതു പരിശുദ്ധാത്മാവാണെന്നും”മറ്റും പറഞ്ഞു കൊണ്ടു ഞാൻ ചാടുകയായിരുന്നു. എന്റെ ഇളക്കം നിന്നു വലിയ തിരുമേനിയെ കാര്യം മനസ്സിലാക്കാൻ കുറെ അധികം സമയം വേണ്ടിവന്നു. ദൈവ നടത്തിപ്പിനു ഞാൻ കണ്ടിട്ടുള്ള അനേക ലക്ഷ്യങ്ങളിൽ ഇതു ഒന്നു മാത്രമാകുന്നു. ഇപ്രകാരമുള്ള മനോബോദ്ധ്യംകൊണ്ടു ഈ അവസാന തീരുമാനം വാദിയായ വലിയ മെത്രാപ്പോലീത്തായുടെയോ കാര്യസ്ഥന്മാരായ ഞങ്ങളുടെയോ സാമർത്ഥ്യമോ ആലോചനാശക്തിയോ കൊണ്ടുണ്ടായതല്ലാ, ദൈവത്തിൽനിന്നുണ്ടായതാണെന്നു ഞാൻ ഉറപ്പായി വിശ്വസിക്കുന്നു.”

ഇ.എം. ഫിലിപ്പിന്റെ ഗ്രന്ഥത്തിൽ പറയുന്നതുപോലെ മെത്രാന്മാർ തമ്മിലുള്ള സൗന്ദര്യപിണക്കത്തെപ്പറ്റി മറ്റു ചരിത്രകാരന്മാരും വിവരിച്ചിട്ടുണ്ട്. ഈ ആറു നവമെത്രാന്മാരിൽ കടവിൽ അത്താനാസ്യോസ് ആയിരുന്നു മാർ ദീവന്നാസ്യോസ് അഞ്ചാമനോട് ഏറ്റവും ഇടഞ്ഞുനിന്നത്.[8] ഏറ്റവും വിധേയത്വം പ. പരുമല തിരുമേനിക്കും. അതിനാലാവണം പ. പരുമല തിരുമേനിയുടെ മേൽകാണിച്ച കല്പനയിൽ പറയുംപ്രകാരം കടവിൽ മാർ അത്താനാസ്യോസിനെ വിസ്തരിക്കാൻ നവീകരണ വിഭാഗം കൂടുതൽ താല്പര്യം കാണിച്ചത്. ഈ മൊഴിയിലെ പ്രസക്ത ഭാഗങ്ങൾ[9] കൊല്ലവർഷം 1059 തുലാം നാലിനാണ് നല്കിയിരിക്കുന്നത്.

‘1053–ന് മുമ്പാണ് എന്നെ മെത്രാനായി വാഴിക്കുന്നത്. എന്നെ വാഴിക്കുന്നതിനുമുമ്പ് നിരണം ഇടവകയ്ക്കു മാത്രമായി ഒരു മെത്രാനുണ്ടായിരുന്നതായി അറിവില്ല. മലങ്കരയ്ക്കു മുഴുവനായി മെത്രാനുണ്ടായിരുന്നു. എന്റെ സ്ഥാനം മലങ്കര മെത്രാനിൽനിന്നും സ്വതന്ത്രമായ ഒരധികാരം എനിക്കു നല്കുന്നില്ല. മലങ്കര മെത്രാന് വിധേയമായിട്ടാണ് എന്റെ എന്റെ സ്ഥാനം എനിക്കു നല്കപ്പെട്ടിരിക്കുന്നത്. നിരണംപോലെ ഏഴ് ഇടവകകളായി മലങ്കരയെ വിഭജിച്ചു. ഈ ഏഴ് ഇടവകകളും മുമ്പും, ഇപ്പോഴും മലങ്കര മെത്രാന്റെ കീഴിലാണ്. കൊല്ലം ഇടവകയ്ക്ക് മെത്രാനെ നിയമിച്ചില്ല. പറ്റിയ ഒരാളെ കണ്ടെത്താൻ കഴിയാതിരുന്നതുകൊണ്ടും പാത്രിക്കീസിനു പോകാൻ തിടുക്കമുണ്ടായിരുന്നതുകൊണ്ടും ആരെയും നിയമിച്ചില്ല. ഞാനൊരു മെത്രാപ്പോലീത്തയാണ് എപ്പിസ്കോപ്പയല്ല. ഞാൻ പറഞ്ഞതുപോലെ മലങ്കര മേൽ മുഴുവൻ അധികാരമുള്ളത് ഈ കേസിലെ വാദി മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്കാണ്. ഞങ്ങളെ വാഴിച്ചശേഷം ഞങ്ങളുടെമേൽ അധികാരം ഉള്ളതായി വാദിക്ക് സ്ഥാത്തിക്കോൻ നല്കിയിട്ടില്ല. അദ്ദേഹത്തിന്റെ കൈവശമുള്ള സ്ഥാത്തിക്കോൻ അതിനുമുമ്പ് നല്കിയതാണ്. ഞാൻ വാദിയുടെ കീഴിലാണെന്നു പറഞ്ഞത് അദ്ദേഹത്തിനു മുമ്പു പറഞ്ഞ സ്ഥാത്തിക്കോൻ ഉള്ളതുകൊണ്ടും വാദിയെ അസോസിയേഷ കമ്മറ്റിയുടെ പ്രസിഡണ്ടായി കമ്മറ്റി മെമ്പർമാരും പാത്രിക്കീസും നിയമിച്ചിട്ടുള്ളതുകൊണ്ടുമാകുന്നു. ആത്മിക സ്ഥാനത്തിൽ ഞാനും വാദിയും തുല്യരാണ്. നിരണം ഇടവകയിൽ 22 പള്ളികളുള്ളതായി എനിക്കു തോന്നുന്നു. ഈ പള്ളികളിലെല്ലാം ഒരു മെത്രാൻ എന്ന നിലയിൽ ഞാനാണ് അധികാരം നടത്തുന്നത്.

ചോ. അങ്ങു പറഞ്ഞതുപോലെ, അങ്ങും മറ്റു മെത്രാന്മാരും നടത്തുന്നതുപോലെ, വാദി മെത്രാനെന്ന നിലയിൽ ഏതെങ്കിലും ഇടവകയിൽ അധികാരം നടത്തുന്നുണ്ടോ, അതോ കീഴ്സ്ഥാനികൾ എന്ന നിലയിൽ നിങ്ങൾക്ക് ഉത്തരവ് നല്കി കാര്യം നടത്തുകയാണോ?

ഉ. വാദി മേലാവ് എന്ന നിലയിൽ ലഭിച്ചിട്ടുള്ള അധികാരത്താൽ എല്ലാ ഇടവകകളുടെയും എല്ലാ പൊതുകാര്യങ്ങളും ഭരിക്കുന്നു. മെത്രാനെന്ന നിലയിൽ എനിക്കു പ്രവർത്തിക്കാനാവാത്ത എന്തെങ്കിലും അധികാരമുള്ള

(ശേഷം 9–ാം പേജിൽ)

കോടതി മൊഴികൾ

ആകമാന സഭയ്ക്ക്...

(എട്ടാം പേജിൽ നിന്നും)

തായി അറിവില്ല. മെത്രാനെന്ന നിലയിൽ എനിക്കു പ്രവർത്തിക്കാവുന്ന എല്ലാ അധികാരവും ഓർമ്മയില്ല. എനിക്കു മെത്രാനെന്ന നിലയിൽ പ്രവർത്തിക്കാവുന്ന കാര്യങ്ങൾ എന്റെ സ്ഥാത്തിക്കോനിൽ പറയുന്നുണ്ട്. എന്റെ സ്ഥാത്തിക്കോനിൽ പറയുന്ന ഏതെങ്കിലും അധികാരം വാദി, എന്റെ സ്ഥാത്തിക്കോനിൽ പറയുന്ന പള്ളികളിൽ പ്രയോഗിച്ചിട്ടുണ്ടോയെന്ന് എന്റെ സ്ഥാത്തിക്കോൻ കാണാതെ പറയാൻ പറ്റില്ല. ഈ സ്ഥാത്തിക്കോൻ പ്രകാരം എനിക്കു സിദ്ധിച്ചിട്ടുള്ള അധികാരങ്ങളിൽ ഏതെങ്കിലും വാദി നിരോധിക്കുന്ന പക്ഷം, ഞാൻ അദ്ദേഹത്തെ അനുസരിക്കാൻ ബാദ്ധ്യസ്ഥനാണ്. എന്റെ അപേക്ഷപ്രകാരമല്ല എന്നെ നിരണം ഇടവകയുടെ മെത്രാനാക്കിയത്. ഒരുപക്ഷേ, പാത്രിക്കീസിന്റെയും ജനങ്ങളുടെയും താല്പര്യപ്രകാരമാവാം, ജനം എന്നു ഞാൻ ഉദ്ദേശിച്ചത് കമ്മറ്റി അംഗങ്ങളാണ്. കമ്മറ്റി എന്നു ഞാൻ ഉദ്ദേശിച്ചത് മലങ്കര അസോസിയേഷൻ കമ്മറ്റയാണ്."[9]

ഈ മൊഴിയിലും കേസിന്റെ മൊത്തം പുരോഗതിയിലും ഇ.എം. ഫിലിപ്പ് ദൈവനടത്തിപ്പ് ദർശിക്കുന്നു. അങ്ങനെയെങ്കിൽ ഈ മൊഴിയുടെകൂടെ അടിസ്ഥാനത്തിൽ പാത്രിക്കീസിനു മലങ്കരയിൽ ലൗകീകാധികാരം ഇല്ലെന്നും, മലങ്കരമെത്രാപ്പോലീത്ത സ്വദേശിയായിരിക്കണമെന്നും, അദ്ദേഹത്തിനു ജനങ്ങളുടെ സ്വീകാര്യത ഉണ്ടായിരിക്കണമെന്നും വിധിച്ച 1889-ലെ റോയൽ കോടതി വിധിയിലും[10] ദൈവനടത്തിപ്പുണ്ട്. അതിന് നിർണായകമായ സ്വാധീനം ചെലുത്തിയ ഘടകങ്ങളിൽ ഒന്ന് പ. പരുമല തിരുമേനിയുടെ ഈ കോടതിമൊഴിയും. അന്ത്യോഖ്യരുടെ അധികാരസ്ഥാപനസമ്മർദ്ദത്തിനും മലങ്കരയുടെ സ്വാതന്ത്ര്യ സംരക്ഷണത്തിനും ഇടയിലൂടെ നൂൽപ്പാലത്തിൽ നടന്ന പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് അഞ്ചാമന് പ. പരുമല തിരുമേനിയുടെ ഈ മൊഴിയും ഈ മൊഴിക്കു പിന്നിലെ പ. തിരുമേനിയുടെ ആത്മാർത്ഥതയും ഒട്ടൊന്നുമല്ല ആശ്വാസം പകർന്നത്.

കുറിപ്പുകൾ:

1 quated in St. George Jacobite Syrian Church, Karigachira, Souvenier 1980, p84

2. മാർ ശീമോൻ ദീവന്നാസ്യോസിന്റെ നാളാഗമം, കൈയ്യെഴുത്ത് p 1448-9

3, ചന്ദനപ്പള്ളി, ഡോ. സാമുവേൽ, മലങ്കര സഭാപിതാക്കന്മാർ, ചന്ദനപ്പള്ളി 1990, p 82-3

4. മാർ ശീമോൻ ദീവന്നാസ്യോസിന്റെ നാളാഗമം, കൈയ്യെഴുത്ത് p 148, 790

5. ചന്ദനപ്പള്ളി, ഡോ. സാമുവേൽ, *Op.cit.*, Pp 83-4

6. Ibid, Pp 87

7. പിലിപ്പോസ് ഇ.എം., മലങ്കര സഭയുടെ രഹസ്യപേടകം (രണ്ടാംപതിപ്പ്), കോട്ടയം 1993, pp 54-5

8. പാറോട്ട്, Z.M., മലങ്കര നസ്രാണികൾ, Vol. III, കോട്ടയം, 1967, p 311

9. Seminary Case Book, Vol. I, Pp 419-60.

10. Judgement of Royal Court of Final Appeal, 1889 Paras 213, 218, 225, 226, 347

പ. ഔഗേൻ ബാവാ
ഓർമ്മ ഡിസംബർ 8

പ. മാത്യൂസ് പ്രഥമൻ ബാവാ
ഓർമ്മ നവംബർ 8



പ. ഗീവർഗീസ് പ്രഥമൻ ബാവാ
ഓർമ്മ ഡിസംബർ 16



പൗലോസ് മാർ ഗ്രീഗോറിയോസ്
ഓർമ്മ നവംബർ 24

(ആറാം പേജിൽ നിന്നും)

ന്നതുപോലെ സഭയിലെ വിലപ്പെട്ട സിംഹാസനം കാഴ്ചക്കുലയ്ക്കു പകരം സമർപ്പിച്ച് പ്രീതി സമ്പാദിച്ചതും, മാവേലിമന്നനമായി ഒരു കൂടികാഴ്ച വഴി സഭാപ്രശ്നം പാത്രിയർക്കീസു ബാവായെ ഉണർത്തിക്കാൻ പറ്റിയതും അവിസ്മരണീയം തന്നെ.

ഭാരതത്തിൽ ക്രൈസ്തവ സാക്ഷ്യത്തിനും, സത്യവിശ്വാസ സംരക്ഷണത്തിനും ആയി പ്രത്യേകം രൂപകല്പന ചെയ്തിരിക്കുന്ന ഭീഷണി, പെരുവഴി ഉപവാസം, കാറു കത്തിക്കൽ, കൊലപാതകം തുടങ്ങിയ കാലാനുസരണ സമര മുറകളുടെ അവതരണമോ, വിശദീകരണമോ ആകമാന സഭാ സദസ്സിൽ അവതരിപ്പിച്ച് കലാകാരന്മാർക്ക് എന്തെങ്കിലും സ്ഥാനമാനങ്ങൾ കരസ്ഥമാക്കാനുള്ള അവസരം നഷ്ടപ്പെടുത്തിയില്ലേ എന്ന് സംശയിക്കുന്നതിൽ തെറ്റുണ്ടോ?

– പീലിപ്പോസ് പോട്ടയ്ക്കാവേലിൽ

പ. പരുമല തിരുമേനിയുടെ ഫോട്ടോ

ഡിക്രൂസ് എടുത്ത ഫോട്ടോ

1902 ജനുവരിയിൽ തിരുവനന്തപുരം സെന്റ് ജോർജ് പള്ളിയങ്കണത്തിൽ വച്ച് ഡിക്രൂസ് എന്ന സായ്പ് എടുത്ത പ. പരുമല തിരുമേനിയുടെ ഫോട്ടോ. ഈ ചിത്രത്തിലെ മുഖഭാവത്തോട് ഏകദേശമെങ്കിലും സാമ്യം നിൽക്കുന്ന ഏതാനും ചിത്രങ്ങളേ ഇതുവരെ രചിക്കപ്പെട്ടിട്ടുള്ളു. ഇപ്പോഴത്തെ പ്രമുഖ ചിത്രകാരന്മാരാരും വരയ്ക്കുന്ന ചിത്രങ്ങൾക്ക് ഈ മുഖഭാവമില്ല എന്ന കാര്യം ശ്രദ്ധിക്കുക.

ആധുനിക കമ്പ്യൂട്ടർ ടെക്നോളജികൾ ഉപയോഗിച്ച് ഈ ചിത്രത്തെ കളറിലാക്കാനുള്ള എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടിരിക്കുകയാണ്. ഈ ഫോട്ടോയിലെ മുഖഭാവത്തോട് ഏകദേശ സാമ്യമുള്ള ഒരു ചിത്രമാണ് രാജാ രവിവർമ്മ വരച്ച് കുമരകം ആറ്റമംഗലം പള്ളിയിൽ സൂക്ഷിച്ചിരിക്കുന്ന ഛായാചിത്രം. ആ ചിത്രം കോട്ടയം ചിത്രാ സ്റ്റുഡിയോയിലെ കളർലാബിൽ 'മനോഹരമാക്കി'യതാണിപ്പോൾ (കുളമാക്കിയത്) പാത്രിയർക്കീസ് വിഭാഗം തങ്ങളുടെ ചിത്രമായി ഉപയോഗിച്ചു വരുന്നത്. പ. പരുമല തിരുമേനിയുടെ വിശുദ്ധമായ മുഖഭാവം ചിത്രകാരന്മാർക്കാർക്കും പൂർണമായി പകർത്താനാവാതെ ഇപ്പോഴും നിലകൊള്ളുന്നു.

ഡിക്രൂസിനു നന്ദി; ഈ പരിശുദ്ധന്റെ മുഖം മനോഹരമായി ഞങ്ങൾക്കായി പകർത്തിയതിന്.

– ജോയ്സ് തോട്ടയ്ക്കാട്

ഡിക്രൂസ് എടുത്ത ഫോട്ടോ: മുഖഭാവം മാത്രം



രാജാ രവിവർമ്മ വരച്ച ചിത്രം

പാത്രിയർക്കീസ് വിഭാഗം
ഉപയോഗിക്കുന്ന ചിത്രം

ദൈവതിരുനാമ മഹത്വത്തിനും മനുഷ്യരാശിയുടെ നന്മയ്ക്കുമായി ഗ്രിഗോറിയൻ പഠനവേദിയ്ക്കു വേണ്ടി ജോയ്സ് തോട്ടയ്ക്കാടും കൂട്ടുകാരും പ്രസിദ്ധീകരിക്കുന്നത്.
പത്രാധിപർ: ജോയ്സ് തോട്ടയ്ക്കാട്. വിലാസം: സോഫിയാ ബുക്സ്, സൂര്യ ഗസ്റ്റ് ലൈൻ, തെക്കേനട, കോട്ടയം – 686 001. ഫോൺ: 91 – 481 – 2303237, 98474 98303